# തിരുഹൃദയ മാസിക
## (The Sacred Heart Monthly)

**Vol. 77**
**2012 November**


**പ്രേഷിത വർഷം**

77 Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Abraham Parambett**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- വാർത്തകൾ
- ചൈതന്യ ന്യൂസ്
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- തൂവാനീസാ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വൊക്കേഷൻ കമ്മീഷൻ
- ടെമ്പറൻസ് കമ്മീഷൻ
- മതബോധന കമ്മീഷൻ
- കരിസ്മാറ്റിക് കമ്മീഷൻ
- കെ.സി.സി.
- കെ.സി.ഡബ്ല്യു.എ.
- കെ.സി.വൈ.എൽ.
- കെ.സി.എസ്.എൽ.
- ചെറുപുഷ്പ മിഷൻലീഗ്
- മലബാർ വാർത്തകൾ
- പിതാക്കന്മാരുടെ ഡയറി

**Engagements**
Mar Mathew Moolakkatt
Mar Joseph Pandarasseril

- വചനദർശനം



**വാർഷിക വരിസംഖ്യ**
75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No.121
Mission Sunday 2012

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 15-10-2012

പ്രിയ ദൈവജനമേ,

വിശ്വാസ വർഷത്തിലേയ്ക്കു പ്രതീക്ഷയോടെ പ്രവേശിച്ചിരിക്കുന്ന നമ്മെ വിശ്വാസത്തിന്റെ അനിവാര്യ ഘടകമായ പ്രേഷിതചൈതന്യം അനുസ്മരിപ്പിച്ചുകൊണ്ട് ഈ മാസം 21-ാം തീയതി സാർവ്വത്രിക സഭ മിഷൻ ഞായർ ആയി ആചരിക്കുകയാണ്. വിശ്വാസം; ദൈവം നമുക്കു നൽകിയ വലിയ ദാനമാണെന്നും അതിലേയ്ക്കു മറ്റുള്ളവരെ സ്നേഹപൂർവ്വം ആനയിക്കാൻ നമുക്കു കടമയുണ്ടെന്നും മിഷൻ ഞായർ നമ്മെ അനുസ്മരിപ്പിക്കുന്നു.

പാപം മൂലം തന്നിൽ നിന്നകന്നു പോയ മനുഷ്യന്റെ ദുരവസ്ഥയിൽ അവനെ തള്ളിക്കളയാതെ സ്നേഹപൂർവ്വം രക്ഷയുടെ പന്ഥാവിലേയ്ക്ക് ആനയിക്കുവാൻ തന്റെ ഏകജാതനെ അയച്ച പിതാവായ ദൈവത്തിന്റെ സ്നേഹമാണ് മിഷൻ ചൈതന്യത്തിനുറവിടവും അടിസ്ഥാനവും. നമുക്കു "ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും" ആയി ജീവന്റെ ഉറവിടമായ ദൈവം തന്റെ വത്സലസുതനെ തന്നെ ലോകത്തിലേയ്ക്കയയ്ക്കുകയും അവന്റെ ജീവനിൽ നമ്മെ പങ്കുകാരാക്കുകയും ചെയ്തു. ഈ ദൈവികജീവനിൽ പങ്കു ചേരുന്ന നാമോരോരുത്തരും ജീവന്റെ നിറവിലേയ്ക്കു മറ്റുള്ളവരെയും ആനയിക്കാൻ താല്പര്യപൂർവ്വം പരിശ്രമിക്കുമ്പോഴാണ് ദൈവം തന്റെ പ്രിയ

സുതനിൽ ആരംഭിച്ച രക്ഷാകരപ്രവർത്തനം പൂർത്തീകരിക്കപ്പെടുക.

"എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് ഈശോ തന്റെ ശിഷ്യരെ അയച്ചത്. പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയുടെ ജീവിതവും പ്രവർത്തനവും പൂർണ്ണമായും ലക്ഷ്യം വച്ചത് പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതിലായിരുന്നു. അതുപോലെ ഈശോയിൽ നിന്നും പ്രേഷിതചൈതന്യം സ്വീകരിച്ച ഓരോ ക്രൈസ്തവനും ഈശോയുടെ ഹിതം നിറവേറ്റുന്നതിന് പരമ പ്രാധാന്യം നൽകണം. അതുവഴി മാത്രമേ, നമ്മിൽ അർപ്പിതമായിരിക്കുന്ന പ്രേഷിത ദൗത്യത്തോട് നമുക്കു നീതി പുലർത്താനാവൂ. സർവ്വ മനുഷ്യരുടെയും രക്ഷയ്ക്കായി തന്നെത്തന്നെ മോചനദ്രവ്യമായി നൽകിയ ഈശോയുടെ മനോഭാവം ഉൾക്കൊള്ളുന്ന ക്രൈസ്തവനു തന്റെ ജീവിതം സുവിശേഷപ്രഘോഷണമായി മാറ്റാൻ ചുമതലയുണ്ട്. "ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്കു ദുരിതം" എന്നു പ്രഖ്യാപിച്ച പൗലോസ് അപ്പസ്തോലന്റെ തീഷ്ണത ഓരോ ക്രൈസ്തവനിലും ജ്വലിച്ചു നിൽക്കുമ്പോൾ മാത്രമേ ക്രൈസ്തവർ യഥാർത്ഥ പ്രേഷിതരാവുകയുള്ളൂ. നവസുവിശേഷ വൽക്കരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ മിഷൻ പ്രവർത്തനത്തിന്റെ മൂന്നു വശങ്ങൾ നമ്മുടെ പ്രത്യേകമായ ശ്രദ്ധയ്ക്കു വിഷയമാക്കണമെന്ന് ആവശ്യപ്പെടുന്നു. സുവിശേഷം അറിഞ്ഞിട്ടില്ലാത്തവരെ സുവിശേഷം അറിയിക്കുക എന്നപോലെ തന്നെ പ്രധാനമാണ് സുവിശേഷവും മാമ്മോദീസായും സ്വീകരിച്ച ശേഷം പലകാരണങ്ങളാൽ വിശ്വാസപാതയിൽ നിന്നകന്നു പോയവരെ സുവിശേഷവഴിയിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്നത്. ഇതു രണ്ടിനും ഏറ്റവും

അത്യാവശ്യമായിരിക്കുന്നത് സഭാമക്കളുടെ സജീവ ക്രൈസ്തവജീവിതവും അതിലൂടെ മറ്റുള്ളവർക്കു നൽകപ്പെടുന്ന സാക്ഷ്യവുമാണ്. വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസവർഷാചരണത്തിലൂടെ ഓരോ ക്രൈസ്തവനും തിരിച്ചറിയുകയും ദൈവവചനത്താൽ പ്രകാശപൂരിതരാകാൻ പരിശ്രമിക്കുകയും ചെയ്യണം. നിത്യപ്രകാശമായ ക്രിസ്തുവിനെ അറിയാതെ ഇരുളിൽ അലയുന്നവർക്കും, അറിഞ്ഞിട്ടും വിവിധ സാഹചര്യങ്ങൾ മൂലം ഈ പ്രകാശം നഷ്ടപ്പെട്ടവർക്കും വെളിച്ചവും പ്രത്യാശയുമാകാൻ ഓരോ ക്രൈസ്തവനും സാധിക്കണം.

നമ്മുടെ അതിരൂപതയിൽ സജീവവും ഫലപ്രദവുമായ വിശ്വാസ വർഷാചരണത്തിനായി നൽകപ്പെട്ടിരിക്കുന്ന അജപാലനമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ സുവിശേഷാനുസൃതജീവിതത്തിനും അതുവഴിയുള്ള യഥാർത്ഥ സുവിശേഷ പ്രഘോഷണത്തിനും നമ്മെ സഹായിക്കും. ദൈവവചനത്തെയും സഭാപ്രബോധനങ്ങളേയും കൂടുതൽ അടുത്തറിയാൻ നാം നടത്തുന്ന പരിശ്രമങ്ങൾ നമ്മിലെ പ്രേഷിതചൈതന്യത്തെ കൂടുതൽ പ്രകാശിതമാക്കട്ടെ. യാക്കോബിന്റെ കിണറിനരികിൽ നിത്യജീവദായകനായ ഈശോയെ തിരിച്ചറിഞ്ഞ ശമറായക്കാരിയെപ്പോലെ വചനവെളിച്ചത്തിൽ നൽകപ്പെടുന്ന സഭാപ്രബോധനങ്ങളിൽ നാം കണ്ടെത്തുന്ന മിശിഹായെ ഉത്തമ ബോദ്ധ്യങ്ങളോടെ ലോകത്തോടു പ്രഘോഷിക്കാൻ മിഷൻ ഞായർ നമുക്കു പ്രചോദനമാകട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതികൂല സാഹചര്യങ്ങളിൽ പോലും, സുവിശേഷ പ്രഘോഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും മിഷൻ പ്രവർത്ത

നങ്ങളിൽ സഹകാരികളാകാൻ പരിശ്രമിക്കുകയും ചെയ്യാം. സമർപ്പിതജീവിതത്തിലൂടെ സുവിശേഷവേലയ്ക്കായി തങ്ങളുടെ ജീവിതം പൂർണ്ണമായി നൽകാൻ സന്നദ്ധതയുള്ള യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അവർക്കാവശ്യമായ അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും മിഷൻ ഞായർ നമുക്കു പ്രചോദനമാകട്ടെ. ആയിരിക്കുന്ന സാഹചര്യങ്ങളിലും അയയ്ക്കപ്പെടുന്ന സ്ഥലങ്ങളിലും ജീവിതസാക്ഷ്യത്തിലൂടെ യഥാർത്ഥ മിഷനറിമാരായി പ്രശോഭിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് നാമോരോരുത്തരും എന്ന ബോദ്ധ്യത്തോടെ നിരന്തരം ജീവിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ മിഷൻ ഞായറായ ഒക്ടോബർ 21-ാം തീയതി നമ്മുടെ എല്ലാ ദേവാലയങ്ങളിലും കുർബാന മദ്ധ്യേ വായിക്കേണ്ടതും അന്നേദിവസത്തെ സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏൽപിക്കുകയും വേണം.

# വാർത്തകൾ

## പരിശുദ്ധ മറിയം ക്രിസ്തുവിനെ നൽകുന്ന വിദ്യാലയം: മാർപാപ്പ

പരിശുദ്ധ ജപമാലയിലൂടെ അമ്മയുടെ മാധ്യസ്ഥം തേടുമ്പോൾ ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങൾ ധ്യാനിക്കുകയാണെന്ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ.

പരിശുദ്ധ അമ്മയ്ക്കായ് പ്രത്യേകം മാറ്റപ്പെട്ട ഒക്ടോബർ മാസത്തിന്റെ പ്രാധാന്യത്തെയും ജപമാലയിലുള്ള വിശ്വാസം വർദ്ധിപ്പിക്കേണ്ട ആവശ്യകതയെയുംപറ്റി പ്രസംഗിക്കുകയായിരുന്നു മാർപാപ്പ.

ജപമാലയിലൂടെ നമ്മുടെ മാതൃകയായ പരിശുദ്ധ അമ്മവഴി നയിക്കപ്പെടുവാൻ നാം നമ്മെത്തന്നെ വിട്ടു കൊടുക്കുകയാണ്. ഇത് നമ്മുടെ ജീവിതത്തിന്റെ പരിവർത്തനത്തിന് സഹായകമാകൂ; പാപ്പാ പറഞ്ഞു.

ക്രിസ്തുവിനെ നൽകുന്ന വിദ്യാലയമാണ് പരിശുദ്ധ മറിയം. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു.

## സാധാരണജീവിതത്തിന്റെ ആത്മാവാണ് വിശ്വാസജീവിതം

വിശ്വാസത്തെക്കുറിച്ചുള്ള അജ്ഞത 'എല്ലാം മറ്റുള്ളവർ ചെയ്യട്ടെ' എന്ന മനോഭാവത്തോടെ ജീവിക്കുന്ന വിശ്വാസികളുടെ സമൂഹമായി സഭ മാറുമെന്ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ. വിശ്വാസത്തെക്കുറിച്ച് അജ്ഞരാകുമ്പോൾ നമ്മുടെ പ്രവൃത്തികൾക്കുള്ള ന്യായം വ്യക്തമാക്കുവാൻ നമുക്ക് കഴിയാതെ വരും. നിഷ്ക്രിയത്വം നമ്മുടെ വിശ്വാസജീവിതത്തിൽ വരുമ്പോൾ നമുക്ക് സാക്ഷികളായിരിക്കുവാൻ സാധിക്കില്ല. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ വിശ്വാസികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശ്വാസവർഷവുമായി ബന്ധപ്പെട്ട് പാപ്പാ ആരംഭിച്ചിരിക്കുന്ന പ്രസംഗപരമ്പരയുടെ ആരംഭമായിരുന്നു ഇത്. വിശ്വാസജീവിതവും സാധാരണ ജീവിതവും രണ്ടുതട്ടിലാണ് എന്നുള്ള വ്യവസ്ഥാപിത ധാരണ മാറേണ്ടിയിരിക്കുന്നു. സാധാരണ ജീവിതത്തിന്റെ ആത്മാവാണ് വിശ്വാസ ജീവിതം. പാപ്പാ പറഞ്ഞു.

മതനിഷേധവും വ്യക്തിതാൽപര്യങ്ങളും ആപേക്ഷികത്വവും നിറഞ്ഞുനിൽക്കുന്ന ആധുനിക സമൂഹത്തിൽ വിശ്വാസിക്ക് അവ പ്രതിരോധിച്ചു നിൽക്കുക പ്രയാസമുള്ള കാര്യമാണ്; മാർപാപ്പ പറഞ്ഞു.

ഇവിടെ വിശ്വാസത്തെക്കുറിച്ചുള്ള ആഴമായ ബോധ്യങ്ങളും തിരിച്ചറിവും ഉണ്ടാകണം. അറിവില്ലാത്തവരുടെ ഉള്ളിൽ 'എല്ലാം മറ്റുള്ളവർ

ചെയ്യട്ടെ' എന്നുള്ള മനോഭാവം രൂപപ്പെടും. ഭൂരിഭാഗം പേരും അങ്ങനെ ചെയ്തുതുടങ്ങുന്നതോടെ വിശ്വാസം നിർജീവമാകുകയും സാക്ഷ്യജീവിതം അസാധ്യമാകുകയും ചെയ്യും. നവസുവിശേഷവത്കരണവെളിച്ചത്തിൽ സാക്ഷ്യജീവിതത്തിന്റെ പ്രസക്തി വലുതാണ്. വിശ്വാസവർഷത്തിൽ വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള പഠനം എല്ലാ വിശ്വാസികളും ഗൗരവമായെടുക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.

## സഭയിലെ ധ്രുവീകരണം മാറ്റി ക്രിസ്തുവിലുള്ള ഐക്യം വളർത്തുക

സഭയിലെ ധ്രുവീകരണം മാറ്റി ക്രിസ്തുവിലുള്ള ഐക്യം വളർത്തുകയാണ് ഇന്നിന്റെ ആവശ്യമെന്ന്, വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ സംഘത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ജോരാർഡ് മുള്ളർ പ്രസ്താവിച്ചു. വത്തിക്കാന്റെ വിശ്വാസപ്രഘോഷണത്തിനായുള്ള കാര്യാലയത്തിന്റെ ഉത്തരവാദിത്വം ഈയിടെ ഏറ്റെടുത്ത കർദ്ദിനാൾ മുള്ളർ,സെപ്റ്റംബർ 18-ാം തീയതി വത്തിക്കാൻ റേഡിയോയ്ക്കു നല്കിയ അഭിമുഖത്തിലാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്.

പുരോഗമനവാദികളെന്നും യാഥാസ്ഥിതികളെന്നുമുള്ള ശക്തമായ ധ്രുവീകരണം ആഗോളസഭയിൽ ഇന്നു നിലനിൽക്കുന്നുണ്ടെന്ന ദൈവശാസ്ത്രപണ്ഡിതനും വത്തിക്കാന്റെ വിശ്വാസപ്രഘോഷണസംഘത്തിലെ ഇതര തസ്തികകളിൽ പരിചയസമ്പന്നനുമായ കർദ്ദിനാൾ മുള്ളർ നിരീക്ഷിച്ചു.

രാഷ്ട്രീയസഖ്യമോ ശാസ്ത്രീയസംഘമോ അല്ല സഭ. ദൈവികദാനമായ കൂട്ടായ്മയും ക്രിസ്തുവിലുള്ള ഐക്യവുമാണത്. ഏകദൈവത്തിലും ക്രിസ്തുവിലുമുള്ള വിശ്വാസം കലവറയില്ലാതെ സമർപ്പിക്കുമ്പോൾ വ്യക്തിപരവും സാർത്ഥവുമായ താത്പര്യങ്ങൾക്ക് പ്രസക്തിയില്ലെന്നും കർദ്ദിനാൾ മുള്ളർ അഭിമുഖത്തിൽ ഉദ്ബോധിപ്പിച്ചു. ക്രിസ്തുവിലുള്ള ഐക്യം തകർക്കുന്ന സഭാസമൂഹങ്ങളിലെ അസൂയയും അതിമോഹവും ഇല്ലാതാക്കി, ഐക്യത്തിന്റെ അന്തരീക്ഷം വളർത്തിയെടുക്കുകയാണ് തന്റെ പ്രഥമ ലക്ഷ്യമെന്ന് കർദിനാൾ മുള്ളർ വെളിപ്പെടുത്തി.

# CHAITHANYA PROGRAMME

## OCTOBER - 2012

| Date | Programme |
|---|---|
| Nov. 1 | KSSS Animators Training |
| 1-2 | Engineering College Pathamuttom |
| 1-3 | KSSS Coconut Training Programme |
| 3-4 | Holy Childhood Camp |
| 4 | CML Committee Meeting |
| 4 | KSSS Friends Team Meeting |
| 5 | Diabetes Exercise Programme |
| 5 | Edackat Forane Priest Meeting |
| 5-9 | Cooperative Bank employees Training |
| 6 | Priests Batch Gathering |
| 8-11 | Pre marriage Course |
| 8 | KSSS Coordinators Meeting |
| 12 | KSSS Cow Rearing Follow up |
| 13 | Priests Batch Gathering |
| 13 | KSSS CBR CRC |
| 15 | KSSS Coordinators Meeting |
| 15-20 | TCI Seminar |
| 18 | KSSS CBR Medical camp |
| 22 | KSSS Coordinators Meeting |
| 23 | KSSS Animators Meeting |
| 29-Dec. 2 | Chaithanya Karshikamela |

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## 15–ാമത് ചൈതന്യ കാർഷികമേള – സ്വാശ്രയസംഘ മഹോത്സവ വാർത്തകൾ

### ചൈതന്യ കാർഷികമേളയ്ക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 15-ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയ സംഘ മഹോത്സവത്തിനും സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭിച്ചു. മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ കാർഷിക മഹോത്സവ മായ ചൈതന്യ കാർഷികമേള സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റേയും ഇതര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടേയും സഹ കരണത്തോടെ വിപുലമായ രീതിയിലാണ് 2012 നവംബർ 29, 30 ഡിസം ബർ 1, 2 തീയതികളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസിൽ കൃഷിവകുപ്പ് മന്ത്രി കെ. പി മോഹനന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തം സംബന്ധിച്ച അംഗീകാരം ലഭിച്ചത്. യോഗത്തിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, തോമസ് ചാഴികാടൻ എക്സ് എം. എൽ. എ, ജി. ഷാജി, വിവിധ ഗവൺമെന്റ് വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു. അതിരൂപതയുടെ സാമൂഹ്യ വികസന പ്രവർത്തന ങ്ങൾക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരമാണ് സംസ്ഥാന സർക്കാ രിന്റെയും സംസ്ഥാന കൃഷി വകുപ്പിന്റേയും അംഗീകാരവും പങ്കാളി ത്തവും.

### 15–ാമത് ചൈതന്യ കാർഷികമേള പ്രൗഢമാക്കുവാൻ വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യം

15-ാമത് ചൈതന്യ കാർഷികമേളയെ പ്രൗഢമാക്കുവാൻ നിരവധി വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യം. ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ബഹു. കേരള ധനകാര്യ വകുപ്പ് മന്ത്രി കെ.എം. മാണി, ബഹു. കേരള ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബഹു. രാജ്യസഭ ഡെപ്യൂട്ടി സ്പീക്കർ പി.ജെ കുര്യൻ എം.പി, ബഹു. ഗ്രാമവി കസന വകുപ്പ് മന്ത്രി കെ.സി ജോസഫ്, ബഹു. ജലസേചന വകുപ്പ് മന്ത്രി പി.ജെ ജോസഫ്, ബഹു. തൊഴിൽ വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ, ബഹു. കേരള കൃഷി വകുപ്പ് മന്ത്രി കെ.പി മോഹനൻ, ബഹു.

കേരള വനം -സ്പോർട്സ് വകുപ്പ് മന്ത്രി ശ്രീ. കെ.ബി ഗണേഷ് കുമാർ, ബഹു. പിന്നോക്ക ക്ഷേമ യുവജനകാര്യ വകുപ്പ് മന്ത്രി പി.കെ ജയ ലക്ഷ്മി, ബഹു. കേരള ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്, ബഹു. കേരള എക്സൈസ് വകുപ്പ് മന്ത്രി കെ. ബാബു, മുൻ സംസ്ഥാന ചീഫ് സെക്രട്ടറി കെ. ജയകുമാർ ഐ.എ.എസ്, നിയുക്ത സംസ്ഥാന ചീഫ് സെക്രട്ടറി ജോസ് സിറിയക്, ബഹു. കേരള ഡി.ജി.പി കെ.എസ് ബാലസുബ്രമണ്യൻ ഐ.പി.എസ്, ജോസ് കെ. മാണി എം. പി, ആന്റോ ആന്റണി എം.പി, സുരേഷ് കുറുപ്പ് എം.എൽ.എ തുടങ്ങി മത-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക രംഗത്തെ പ്രമുഖർ മേളയുടെ ദിനങ്ങളെ സാന്നിദ്ധ്യം കൊണ്ട് ധന്യമാക്കും.

## കാർഷികമേള ഭക്ഷ്യ സുരക്ഷ - വിളംബര സന്ദേശ യാത്ര

മധ്യകേരളത്തിന്റെ കാർഷിക മഹോത്സവമായ 15-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും ഭക്ഷ്യ സുരക്ഷ പ്രവർത്തന ങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നീ ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷ വിളംബര സന്ദേശ യാത്ര സംഘടിപ്പിക്കുന്നു. വിളംബര സന്ദേശ യാത്രയുടെ ഉദ്ഘാടനം നവംബർ 2-ാം തീയതി വെള്ളിയാഴ്ച 2.30 ന് അക്ഷര നഗരിയായ കോട്ടയത്ത് ബഹു. ആഭ്യന്ത വകുപ്പ് മന്ത്രി തിരുവ ഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിക്കും. വിളംബര സന്ദേശ യാത്രയുടെ ഭാഗമായി മേഖലകളിൽ സ്വീകരണവും വിവിധ മത്സരങ്ങളും സംഘടി പ്പിക്കുന്നു. ഭക്ഷ്യ സുരക്ഷ സന്ദേശം ജനങ്ങളിൽ എത്തിക്കുവാനുതകുന്ന മത്സ്യത്തിന്റെ ആകൃതിയിൽ രൂപകൽപന ചെയ്തിട്ടുള്ള പ്രചരണവാ ഹനം കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലക ളിലെ വിവിധ പ്രദേശങ്ങളിലൂടെ മേളയുടെ സന്ദേശം പകർന്നു നൽകി സഞ്ചരിക്കും. ഭക്ഷ്യ സുരക്ഷ വിളംബര സന്ദേശ യാത്രക്ക് നവംബർ 5-ാം തീയതി തിങ്കളാഴ്ച പഴയ കല്ലറയിലും, 7-ാം തീയതി ബുധനാഴ്ച കടുത്തുരുത്തിയിലും 9-ാം തീയതി വെള്ളിയാഴ്ച പിറവത്തും, 10-ാം തീയതി ശനിയാഴ്ച ഉഴവൂരും, 13-ാം തീയതി ചൊവ്വാഴ്ച കരിങ്കുന്നത്തും, 20-ാം തീയതി ചൊവ്വാഴ്ച പാലയിലും, 23-ാം തീയതി വെള്ളിയാഴ്ച ചിങ്ങവനത്തും 27-ാം തീയതി ചൊവ്വാഴ്ച ഏറ്റുമാനൂരും വിളംബര സന്ദേശയാത്രയ്ക്ക് സ്വീകരണം സംഘടിപ്പിക്കുന്നതാണ്.

## ആകർഷക സമ്മാനങ്ങളുമായി സമ്മാനകൂപ്പൺ 2012

കാർഷിക മേളയോടനുബന്ധിച്ചുള്ള സമ്മാനകൂപ്പൺ പദ്ധതിവഴി ആകർഷകങ്ങളായ സമ്മാനങ്ങൾ ഏവരേയും കാത്തിരിക്കുന്നു. ഒന്നാം സമ്മാനമായി ഒരാൾക്ക് ഹോണ്ട ആക്ടീവ സ്കൂട്ടറും, രണ്ടാം സമ്മാന

മായി രണ്ട് പേർക്ക് സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റവും, മൂന്നാം സമ്മാനമായി മൂന്ന് പേർക്ക് ഫ്രിഡ്ജും കൂടാതെ 800 ൽ പരം ഗ്രാമതല സമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. സമ്മാന കൂപ്പൺ നറുക്കെടുപ്പ് മേളയുടെ സമാപന ദിവസമായ ഡിസംബർ 2-ാം തീയതി രാത്രി 9.30 ന് നടത്തപ്പെടുന്നതാണ്. സമ്മാന കൂപ്പൺ വഴി ഗ്രാമതലത്തിൽ സമാഹരിക്കുന്ന തുക അതാത് ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.

## കർഷക സംഗമം

15-ാമത് ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് മേളയുടെ സമാപന ദിവസമായ ഡിസംബർ 2-ാം തീയതി ഞായറാഴ്ച കർഷക സംഗമം സംഘടിപ്പിക്കുന്നു. കർഷക സംഗമത്തിന്റെ ഉദ്ഘാടനം മുൻ സംസ്ഥാന ചീഫ് സെക്രട്ടറിയും നിയുക്ത മലയാളം സർവ്വകലാശാല വൈസ് ചാൻസിലറുമായ കെ. ജയകുമാർ ഐ.എ.എസ് നിർവ്വഹിക്കും. കെ.എസ്.എസ്.എസിന്റെ കീഴിലുള്ള മുഴുവൻ പുരുഷ സ്വാശ്രയ സംഘാംഗങ്ങളേയും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളേയും മറ്റ് ഇതര കർഷക-പരിസ്ഥിതി പ്രവർത്തകരേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് കർഷകസംഗമം സംഘടിപ്പിക്കുന്നത്. ഞായറാഴ്ച രാവിലെ 10.30 മുതൽ നടത്തപ്പെടുന്ന സംഗമത്തിൽ എല്ലാ പുരുഷ സ്വാശ്രയ സംഘാംഗങ്ങളും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. കർഷക സംഗമത്തോടനുബന്ധിച്ച് സെമിനാർ, ചർച്ചകൾ, വിവിധ കലാപരിപാടികൾ എന്നിവ നടത്തപ്പെടും.

## കർഷകർക്കായ് പൊതുവിള പ്രദർശന മത്സരം

കർഷകരേയും കാർഷിക മേഖലയേയും പ്രോത്സാഹിപ്പിക്കുന്നതിനായി മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. മരച്ചീനി, ചേന, വിളവെത്തിയ തേങ്ങാക്കുല, കാച്ചിൽ, വിളവെത്തിയ ഏത്തക്കുല, പാളയൻ കോടൻ വാഴക്കുല, മത്തങ്ങ എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. ഒരോ ഇനത്തിനും ഒന്നാം സമ്മാനമായി 1500 രൂപയും രണ്ടാം സമ്മാനമായി 1000 രൂപയും നൽകുന്നു. പൊതുവിള പ്രദർശനത്തിന് കൊണ്ടുവരുന്ന വിളകൾ അതാത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നവംബർ 28-ാം തീയതി വിളകൾ ചൈതന്യയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9947081840 എന്ന നമ്പരിൽ ബന്ധപ്പെടുക.

## സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ

കാർഷികമേളയോടനുബന്ധിച്ച് സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. 3070 രൂപ വിലയുള്ള സോളാർ റാന്തൽ വിളക്ക് മേളയുടെ ദിനങ്ങളിൽ സ്വാശ്രയ സംഘാംഗങ്ങൾക്ക് 2670/- രൂപ നിരക്കിലും മേളയിൽ പങ്കെടുക്കുന്ന പൊതുജനങ്ങൾക്ക് 2850/- രൂപ നിരക്കിലുമാണ് റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നത്. റാന്തൽ വിളക്കുകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ മുഴുവൻ തുകയും അടച്ച് നവംബർ 15നകം ആനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്തവർക്ക് മേളയുടെ ദിനങ്ങളിൽ റാന്തൽ വിളക്കുകൾ വാങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതാണ്.

## പച്ചക്കറി വിത്തുകളും തൈകളും വിൽപ്പനയ്ക്ക്

വർദ്ധിച്ചുവരുന്ന ഭക്ഷ്യപ്രതിസന്ധിക്കും, വിലക്കയറ്റത്തിനും പരിഹാരമായി സ്വന്തം പുരയിടത്തിൽ പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് കാർഷിക മേളയോടനുബന്ധിച്ച് വിവിധയിനം പച്ചക്കറി വിത്തുകളും തൈകളും വിൽപ്പനയ്ക്കായി ഒരുക്കുന്നു. പയർ, ചീര, വഴുതന, വെണ്ട തുടങ്ങി വിവിധയിനം പച്ചക്കറിയുടെ വിത്തുകളും തൈകളും ആയുർവേദ സസ്യങ്ങളും ചൈതന്യ കാർഷിക നേഴ്സറിയിലെ ഇതര പുഷ്പ-ഫല വൃക്ഷാദികളുമാണ് മിതമായ നിരക്കിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കുക. സ്വന്തം പുരയിടത്തിൽ പച്ചക്കറി കൃഷി ചെയ്ത് പച്ചക്കറികൾ സ്വയം ഉൽപാദിപ്പിച്ച് മറ്റുള്ളവർക്ക് മാതൃകയാകുവാൻ എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ.

## ചൈതന്യ കാർഷിക മേള സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് അവസരം

ചൈതന്യ കാർഷിക മേളയോടും 15-ാമത് സ്വാശ്രയ സംഘ മഹോത്സവത്തോടും അനുബന്ധിച്ച് നവംബർ 29, 30 ഡിസംബർ 1, 2 തീയതികളിൽ വിവിധങ്ങളായ സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് സ്വാശ്രയ സംഘാംഗങ്ങൾക്കും ഇതര തത്പര വ്യക്തികൾക്കും അവസരം ഒരുക്കുന്നു. മേളയോടനുബന്ധിച്ച് ക്രമീകരിക്കുന്ന പ്രദർശന വിപണന സ്റ്റാളുകൾ 10000 രൂപ നിരക്കിൽ സ്വാശ്രയസംഘാംഗങ്ങൾക്കും ഇതര തത്പര വ്യക്തികൾക്കും ലഭ്യമാക്കുന്നതായിരിക്കും. ബുക്കിംഗ് മുൻഗണനാ ക്രമത്തിലായിരിക്കും സ്റ്റാളുകൾ ലഭ്യമാക്കുക. സ്റ്റാളുകൾ ബുക്ക് ചെയ്യുമ്പോൾ തന്നെ മുഴുൻ തുകയും അടയ്ക്കേ

ണ്ടതാണ്. കൂടുതൽ വിശദാംശങ്ങൾക്ക് 9947507515 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കലിംഗാബ്രൗൺ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനക്ക്

കോഴി വളർത്തലിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സ്വാശ്രയ സംഘാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 15-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. 45 ദിവസം പ്രായമുള്ള കലിംഗാ ബ്രൗൺ മുട്ടക്കോഴി കുഞ്ഞുങ്ങളെയാണ് ലഭ്യമാക്കുന്നത്. പൊതുജനങ്ങൾക്ക് ഒരു ജോഡിക്ക് 175 രൂപാ നിരക്കിലും കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങൾക്ക് ഒരു ജോഡിക്ക് 155 രൂപ നിരക്കിലായിരിക്കും മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നത്. താൽപ്പര്യമുള്ളവർ നവംബർ 15 ന് മുമ്പായി ജോഡി ഒന്നിന് 50 രൂപ അടച്ച് അനിമേറ്റർ മുഖേന പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്. രജിസ്റ്റർ ചെയ്തവർ കാർഷികമേളയുടെ ദിനങ്ങളിൽ ടോക്കൺ സഹിതം ചൈതന്യയിലെത്തി കോഴിക്കുഞ്ഞുങ്ങളെ വാങ്ങേണ്ടതാണ്.

## ഉല്ലാസനഗരി - അമ്യൂസ്മെന്റ് പാർക്ക്

15-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും ദിനങ്ങളിൽ ഏവർക്കും പ്രയഭേദമന്യേ ഒരുപോലെ ഉല്ലസിക്കുന്നതിനായി അമ്യൂസ്മെന്റ് പാർക്ക് ഒരുക്കുന്നു. മരണക്കിണർ, ആകാശഊഞ്ഞാൽ, മാജിക് ട്രെയിൻ, ഡോഗ് ഷോ, കുട്ടികൾക്കായുള്ള വിവിധ റൈഡുകൾ, മൃഗസവാരി തുടങ്ങി നിരവധിയായ ഇനങ്ങൾ അമ്യൂസ്മെന്റ് പാർക്കിൽ ക്രമീകരിക്കുന്നതാണ്. പ്രത്യേക പാസ്സ് മൂലമായിരിക്കും ഒരോ റൈഡുകളിലും പ്രവേശനം നൽകുക. കാർഷികമേളയുടെ മൂന്നാം ദിനമായ ഡിസംബർ 1-ാം തീയതി കെ.എസ്.എസ്.എസ് സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികൾക്കും അദ്ധ്യാപകരോടൊപ്പം കാർഷികമേള സന്ദർശിക്കാനായി സംഘമായി എത്തുന്ന സ്കൂൾ കുട്ടികൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രത്യേക ഡിസ്ക്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

## പക്ഷി മൃഗാദികളുടെ പ്രദർശനവും വിൽപ്പനയും

15-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് പക്ഷി മൃഗാദികളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നു. നാടൻ കോഴികൾ, താറാവ്, മുയൽ, കാട, പേത്ത, എമു, കൾഗം, ആട്, നാടൻ പന്നിക്കുഞ്ഞുങ്ങൾ, ഗിനി

പ്പന്നി, അലങ്കാരപ്പക്ഷികൾ, എന്നിവയാണ് പ്രദർശനത്തിനും വിപ ണനത്തിനുമായി ക്രമീകരിക്കുന്നത്. കൂടാതെ മുയലിറച്ചി വിപണ നവും ഉണ്ടായിരിക്കുന്നതാണ്. വിവിധയിനം പക്ഷി മൃഗാദികളുടെ പ്രദർശനവും വിപണനവും നടത്തുവാൻ ആഗ്രഹിക്കുന്നവർ 9447335839 എന്ന നമ്പറിൽ ബന്ധപ്പെടുക.

## പൗരാണിക വിഭവങ്ങളുമായി കെ.എസ്.എസ്.എസ് സ്റ്റാളുകൾ

മേളയുടെ ദിനങ്ങളിൽ സന്ദർശകരായി എത്തുന്നവർക്ക് പൗരാണിക വിഭവങ്ങളടങ്ങിയ വിവിധ സ്റ്റാളുകൾ കെ.എസ്.എസ്.എസ് ഒരുക്കു ന്നു. നിത്യോപയോഗ സാധനങ്ങളുടെ സ്റ്റാളുകൾ, പൗരാണിക തനിമ വിളിച്ചോതുന്ന പൗരാണിക ഭോജന ശാല, പലഹാരക്കടകൾ, സുഗ ന്ധവ്യഞ്ജന ശാല, പൗരാണിക ദാഹശമനി സ്റ്റാളുകൾ, നാടൻ തട്ടു കട, കൂൺ വിഭവങ്ങൾ തുടങ്ങിയവയാണ് കെ.എസ്.എസ്.എസ് സ്റ്റാളുകളിൽ ഒരുക്കിയിരിക്കുന്നത്.

## കെ. എസ്. എസ്. എസ് വികസന മുന്നേറ്റ സ്റ്റാൾ

15-ാമത് ചൈതന്യ കാർഷികമേളയിലും സ്വാശ്രയ സംഘ മഹോ ത്സവത്തിലും പങ്കെടുക്കുവാൻ എത്തുന്നവർക്കായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചരിത്രവും പ്രധാന പ്രവർത്തനങ്ങളും പ്രതിപാദിക്കുന്ന കെ. എസ്. എസ്. എസ് വിക സന മുന്നേറ്റ സ്റ്റാൾ ക്രമീകരിക്കുന്നു. വളർച്ചയിലെ പ്രധാന നാഴിക ക്കല്ലുകൾ, നടപ്പിലാക്കിയ പ്രധാന പദ്ധതികൾ, ശ്രദ്ധേയമായ സാമൂഹ്യ ഇടപെടലുകൾ, പൊതുസമൂഹത്തിന് സമർപ്പിക്കുന്ന മാതൃകാ പ്രവർത്തനങ്ങൾ, ലഭിച്ച അംഗീകാരങ്ങൾ എന്നിവയും വിക സന മുന്നേറ്റ സ്റ്റാളിൽ ഉണ്ടായിരിക്കുന്നതാണ്.

## പാർക്കിംഗ് സൗകര്യം

മേളയുടെ ദിനങ്ങളിൽ സന്ദർശകരായി എത്തുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേക സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. കാർഷികമേള നടക്കുന്ന സമ്മേളന നഗരിയിലേക്ക് വാഹനങ്ങൾക്ക് മേള യുടെ ദിനങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ചെറുവാഹനങ്ങൾക്ക് ചൈതന്യയോടു ചേർന്നുള്ള ഗ്രൗണ്ടിലും പുഷ്പഗിരി പള്ളിയുടെ പരി സരത്തും പാർക്ക് ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കും. വലിയ വാഹന ങ്ങളിൽ വരുന്നവർ മേളയുടെ പ്രവേശന കവാടത്തിൽ സന്ദർശകരെ ഇറ ക്കിയതിനു ശേഷം ഹോളി ഫാമിലി സ്കൂളിനു സമീപം പാർക്ക് ചെയ്യാ വുന്നതാണ്.

## ചൈതന്യ കാർഷികമേളയിൽ കൂൺ മേള

വ്യത്യസ്തവും പുതുമ നിറഞ്ഞതുമായ വിഭവങ്ങൾ സന്ദർശകർക്കായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് കൂൺ മേള സംഘടിപ്പിക്കുന്നു. മേളയുടെ ദിനങ്ങളിൽ സന്ദർശകരായി എത്തുന്നവർക്കായി കൂണുകൾ കൊണ്ടുള്ള വിവിധ വിഭവങ്ങൾ ഒരുക്കിയാണ് കൂൺ മേള ഒരുക്കിയിരിക്കുന്നത്. കൂൺ മേളയോടനുബന്ധിച്ച് കൂൺ കട്‌ലറ്റ്, കൂൺ സൂപ്പ്, കൂൺ അച്ചാറുകൾ, കൂൺ ബജ്ജി, കൂൺ പായസം, കൂൺ റോൾ, കൂൺ ബിരിയാണി, ചില്ലി മഷ്റൂം, കൂൺ പുലാബ് എന്നീ വിഭവങ്ങൾ ലഭ്യമാണ്.

## വികലാംഗദിനാഘോഷം - സർഗ്ഗ സംഗമം 2012

15-ാമത് ചൈതന്യ കാർഷികമേളയും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് വികലാംഗ ക്ഷേമ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചു കൊണ്ട് വിപുലമായ പരിപാടികളോടെ വികലാംഗദിനാഘോഷം 'സർഗ്ഗ സംഗമം' എന്ന പേരിൽ മേളയുടെ രണ്ടാം ദിനമായ നവംബർ 30-ാം തീയതി വെള്ളിയാഴ്ച ചൈതന്യയിൽ സംഘടിപ്പിക്കുന്നു. സെമിനാർ, കലാമത്സരങ്ങൾ, ടാലന്റ് ഷോ എന്നിവ ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായി ചിത്രരചന മത്സരവും, ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കായി കാർഷിക പശ്ചാത്താലത്തിലുള്ള പ്രച്ഛന്ന വേഷമത്സരവും വൈകല്യമുള്ളവർക്കായി പൊതു വിഭാഗത്തിൽ കരകൗശല വസ്തുക്കളുടെ നിർമ്മാണ മത്സരവും നടത്തപ്പെടും.

## കാർഷികമേള സ്വാശ്രയസംഘ മത്സരങ്ങൾ

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് മേളയുടെ ദിനങ്ങളിൽ കലാമൂല്യത്തിനും വിനോദത്തിനും വിജ്ഞാനത്തിനും ഒരു പോലെ പ്രാധാന്യം നൽകി കൊണ്ട് സ്വാശ്രയസംഘാംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് പ്രധാന വേദിയിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കാർഷിക പ്രശ്നോത്തരി, കാർഷിക പ്രഛന്നവേഷ മത്സരം, ഛോട്ടാരാജ ഛോട്ടാറാണി, ബഡാരാജ ബഡാറാണി, എന്റെ കുടുംബം, സന്തുഷ്ടകുടുംബം, റിയാലിറ്റി ഷോ, കോമഡി സ്കിറ്റ് മത്സരം, ഇരട്ടകളുടെ മത്സരം, സിനിമാറ്റിക് ഡാൻസ് മത്സരം, ബുൾഗാൻവാല മത്സരം, കാർഷികഫാഷൻ ഷോ എന്നീ മത്സരങ്ങളാണ് മേളയുടെ ദിനങ്ങളിൽ പ്രധാന വേദിയിൽ നടത്തപ്പെടുന്നത്.

## സ്വാശ്രയസംഘ കാർഷിക മത്സരങ്ങൾ

മേളയുടെ ഭാഗമായി കാർഷിക തനിമ വിളിച്ചോതുന്ന വിവിധ കാർഷിക മത്സരങ്ങൾ സ്വാശ്രയ സംഘാംഗങ്ങൾക്കായി സംഘടിപ്പിക്കുന്നു. ഭക്ഷ്യ സുരക്ഷയുടെയും കാർഷിക സമൃദ്ധിയുടെയും സന്ദേശങ്ങൾ പൊതുജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത് മേളയുടെ ദിനങ്ങളിൽ കാർഷിക വിഭവ അലങ്കാര മത്സരം, അരിയാട്ട് മത്സരം, ഞാറു നടീൽ മത്സരം, കറ്റമെതിക്കൽ മത്സരം, ഞാറു പറിക്കൽ മത്സരം, മീൻവെട്ട് മത്സരം, പച്ചക്കറി അറേഞ്ച്മെന്റ്, കൊയ്ത്ത് മത്സരം, താറാവോട്ടം മത്സരം, ചക്കവെട്ടിയൊരുക്കൽ എന്നീ കാർഷിക മത്സരങ്ങളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

## ചൈതന്യ കാർഷിക മേളയിൽ ആവേശം വിതറാൻ വടംവലി, ചെണ്ടമേള മത്സരങ്ങൾ

ചൈതന്യ കാർഷിക മേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് പൊതുവിഭാഗത്തിൽ വടംവലി, ചെണ്ടമേളം എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കാർഷിക മേളയുടെ ഒന്നാം ദിനമായ നവംബർ 29-ാം തീയതി വ്യാഴാഴ്ച്ച വൈകുന്നേരം 4.30 മുതൽ വടംവലി മത്സരവും മേളയുടെ മൂന്നാം ദിനമായ ഡിസംബർ 1-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4.30 മുതൽ ചെണ്ടമേള മത്സരവും നടത്തപ്പെടും. വടംവലി മത്സരത്തിന് 1-ാം സമ്മാനമായി - 10001 രൂപയും രണ്ട് പൂവൻ കോഴിയും, 2-ാം സമ്മാനമായി 7001 രൂപയും രണ്ട് താറാവും, 3-ാം സമ്മാനമായി 5001 രൂപയും രണ്ട് മുയലും. ചെണ്ടമേളം മത്സരത്തിന് 1-ാം സമ്മാനമായി 10001 രൂപയും, 2-ാം സമ്മാനമായി 7001 രൂപയും, 3-ാം സമ്മാനം 5001 രൂപയും നൽകുന്നതാണ്.

കൂടാതെ ബധിര മൂക വൈകല്യമുള്ളവർക്കായി മേളയുടെ രണ്ടാം ദിനമായ നവംബർ 30-ാം തീയതി രാവിലെ 11.00 ന് ചെസ്സ് മത്സരവും വൈകുന്നേരം 4.30 മുതൽ പൊതുവിഭാഗത്തിൽ പുരുഷന്മാർക്കും വനിതകൾക്കുമായി തെങ്ങുകയറ്റ മത്സരവും സംഘടിപ്പിക്കുന്നു. മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നവംബർ 20 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് കൂടുതൽ വിശദാംശങ്ങൾക്ക് 9809009458 എന്ന നമ്പരിൽ ബന്ധപ്പെടുക.

## സ്വാശ്രയസംഘ കലാപരിപാടികൾ

15-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് ഓരോ മേഖലയ്ക്കും 50 മിനിറ്റ് സമയം വീതം പുതുമയാർന്ന കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ഉണ്ടായിരിക്കും. സമഗ്രആരോഗ്യ ഭക്ഷ്യസുരക്ഷാ ദിനമായി ആചരിക്കുന്ന നവംബർ 29 ന് കിടങ്ങൂർ, കൈപ്പുഴ മേഖലകൾക്കും, സർഗ്ഗ സംഗമദിനമായി ആചരിക്കുന്ന നവംബർ 30 ന് സി.ബി.

ആർ, ഉഴവൂർ, കടുത്തുരുത്തി മേഖലകൾക്കും സ്വാശ്രയസംഗമ ദിനമായി ആചരിക്കുന്ന ഡിസംബർ 1 ന് മലങ്കര, ചുങ്കം മേഖലകൾക്കും കർഷകസംഗമ ദിനമായി ആചരിക്കുന്ന ഡിസംബർ 2 ന് പുരുഷ സ്വാശ്രയസംഘാംഗങ്ങൾക്കും, ഹൈറേഞ്ച്, ഇടയ്ക്കാട് മേഖലകൾക്കുമാണ് കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നത്. മേഖലാ കലാപരിപാടികളിൽ വിവിധ ഗ്രൂപ്പംഗങ്ങളുടെ പങ്കാളിത്തവും മികച്ച നിലവാരവും ഉറപ്പുവരുത്തണം.

## ഇന്നത്തെ ഭാഗ്യതാരം നറുക്കെടുപ്പ്

കാർഷികമേളയിലെ പൊതുജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മേളയിൽ പങ്കെടുക്കുന്നവർക്കായി 'ഇന്നത്തെ ഭാഗ്യതാരം നറുക്കെടുപ്പ്' മത്സരം സംഘടിപ്പിക്കുന്നു. ഭാഗ്യതാര മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മേളയുടെ ദിനങ്ങളിൽ പ്രധാന വേദിയുടെ സമീപത്തായി ക്രമീകരിച്ചിരിക്കുന്ന കൗണ്ടറിൽ നിന്നും ഉച്ചക്ക് 1 മുതൽ 2 വരെ സമയത്ത് ലഭ്യമാക്കുന്ന കൂപ്പൺ പൂരിപ്പിച്ച് സമ്മേളന നഗരിയുടെ മുൻവശത്തായി ക്രമീകരിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. അതാത് ദിവസങ്ങളിൽ 2 മുതൽ 4 വരെ സമയത്ത് നടത്തപ്പെടുന്ന പൊതുസമ്മേളനത്തോടനുബന്ധിച്ച് ഭാഗ്യതാരത്തെ തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യതാരത്തിന് ആകർഷകമായ സമ്മാനം ഉണ്ടായിരിക്കുന്നതാണ്. നറുക്കെടുപ്പിന്റെ സമയത്ത് സമ്മേളന നഗരിയിൽ ഉള്ളവർക്ക് മാത്രമായിരിക്കും സമ്മാനം ലഭ്യമാക്കുക.

## ആരോഗ്യ സേവനങ്ങളുമായി 'ആയുർസോൺ 2012'

ആരോഗ്യ സംരക്ഷണം മുൻനിർത്തി വിവിധ ആരോഗ്യവിഭാഗങ്ങളെ കോർത്തിണക്കികൊണ്ട് കാർഷികമഹോത്സവ ദിനങ്ങളിൽ ആയൂർസോൺ 2012 ഒരുക്കുന്നു. ആയുർവ്വേദം, അലോപ്പതി, ഹോമിയോ തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് ആയൂർസോൺ ഒരുക്കുന്നത്. ആയുർസോണിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ, എക്സിബിഷനുകൾ, വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം എന്നിങ്ങനെ ആരോഗ്യമേഖലയിലെ എല്ലാ വിഭാഗങ്ങളുടേയും സേവനം സ്വാശ്രയസംഘാംഗങ്ങൾക്കും പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നതാണ്.

# വികസനപാതയിൽ വരുംദിനങ്ങളിൽ

## പശുവളർത്തൽ പരിശീലനം - തുടർ പരിശീലന ക്ലാസ്

സ്വാശ്രയ സംഘാംഗങ്ങൾക്ക് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികളിൽ പ്രാവിണ്യം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെൻും സംയുക്തമായി ആഗസ്റ്റ് മാസത്തിൽ ചൈതന്യയിലും സെപ്റ്റംബർ മാസത്തിൽ തടിയമ്പാടും സംഘടിപ്പിച്ച പശുവളർത്തൽ ട്രെയിനിംഗിന്റെ തുടർ പരിശീലന പരിപാടികളുടെ ഭാഗമായി ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. ചൈതന്യയിൽ പശുവളർത്തൽ പരിശീനത്തിൽ പങ്കെടുത്ത വ്യക്തികൾക്ക് നവംബർ 12-ാം തീയതി 10.30 ന് ചൈതന്യയിലും തടിയമ്പാട് പരിശീനത്തിൽ പങ്കെടുത്തവർക്ക് ജനുവരി 15-ാം തീയതി 10.30 ന് എൻ.ആർ സിറ്റിയിലുമാണ് പരിശീലനം സംഘടിപ്പിക്കുക. പ്രാഥമിക പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും തുടർ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

## പശുവളർത്തൽ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി പശുവളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ഹൈറേഞ്ച് മേഖലയിലുള്ള സ്വാശ്രയ സംഘാംഗങ്ങൾക്ക് ജനുവരി 9 മുതൽ 16 വരെ എൻ.ആർ സിറ്റിയിലും മറ്റുമേഖലയിലെ സ്വാശ്രയസംഘാംഗങ്ങൾക്ക് ജനുവരി 23 മുതൽ 30 വരെ ചൈതന്യയിലും ആയിരിക്കും പരിശീലനം സംഘടിപ്പിക്കുക. പരിശീനത്തോടനുബന്ധിച്ച് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപ്പുൽ കൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും. ആറു ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 300 രൂപ സ്റ്റൈഫന്റും സർട്ടിഫിക്കറ്റും നൽകുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 100 രൂപാ ഫീസടച്ച് അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പാൽ - മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പരിശീലനം.

സ്വാശ്രയസംഘാംഗങ്ങൾക്ക് പാൽ ഉപയോഗിച്ച് നിർമ്മിക്കാവുന്ന വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ പ്രാവീണ്യം നൽകുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 17 മുതൽ 29 വരെ പത്ത് പ്രവർത്തി ദിവസങ്ങളിൽ കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീര പരിശീ

ലന കേന്ദ്രത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പാൽ ഉപയോഗിച്ച് നിർമ്മിക്കുന്ന പേട, ചോക്ലേറ്റ്, പനീർ, രസഗുള, ഗുലാബ്ജാം, ഐസ്ക്രീം, കുൾഫി തുടങ്ങി 20 ഇനം വസ്തുക്കൾ നിർമ്മിക്കുവാൻ പരിശീലനം നൽകും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 100 രൂപ രജിസ്ട്രേഷൻ ഫീസ ടച്ച് അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കൂൺ കൃഷി പരിശീലനം

പരിസ്ഥിതി സൗഹാർദ്ദ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള കെ.എസ്.എസ്.എസ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ മാസവും സംഘടിപ്പിച്ചുവരുന്ന കൂൺ കൃഷിയെക്കുറിച്ചുള്ള അവബോധന ക്ലാസും പ്രായോഗിക പരി ശീലനവും നവംബർ മാസത്തിൽ ഉണ്ടായിരിക്കുന്നതല്ല. ഡിസംബർ മാസത്തിലെ പരിശീലനം 14-ാം തീയതി 10.30 മുതൽ ചൈതന്യയിൽ ആരംഭിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അനിമേറ്ററുടെ പക്കൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 150 രൂപ യായിരിക്കും.

## ഫ്രണ്ട്സ് ടീം മീറ്റിംഗ് - നവംബർ 4 ന്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഫീൽഡ് സ്റ്റാഫ് അംഗങ്ങളുടേയും ഭർത്താക്കൻമാരുടേയും കൂട്ടായ്മയായ ഫ്രണ്ട്സ് ടീമിന്റെ മീറ്റിംഗ് നവംബർ 4-ാം തീയതി ഞായറാഴ്ച 10.30 മുതൽ 3 വരെ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും, കാർഷികമേളയോടനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾ ആലോചിക്കുന്നതിനുമായാണ് ഫ്രണ്ട്സ് ടീം സംഗമം സംഘടിപ്പിക്കുന്നത്. എല്ലാ ഫ്രണ്ട്സ് ടീം അംഗങ്ങളും മീറ്റിം ഗിൽ പങ്കെടുക്കേണ്ടതാണ്.

## സ്മാർട്ട് അർദ്ധവാർഷിക പരീക്ഷ നവംബർ 10 ന്

സ്മാർട്ട് കുട്ടികൾക്ക് എല്ലാവർഷവും നടത്താറുള്ള അർദ്ധവാർഷിക പരീക്ഷ നവംബർ മാസം 10-ാം തീയതി ശനിയാഴ്ച 10.30 മുതൽ 12.00 വരെ നടത്തപ്പെടുന്നു. സ്മാർട്ട് പുസ്തകം 1 മുതൽ 5 വരെയുള്ള അധ്യാ യങ്ങൾ, ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസത്തിലെ സംഘചൈ തന്യകൾ, സമകാലീന വാർത്തകൾ എന്നിവ അടിസ്ഥാനമാക്കിയാണ് ചോദ്യപേപ്പർ തയ്യാറാക്കുക എല്ലാ സ്മാർട്ട് കൂട്ടുകാരും നന്നായി പഠിച്ച് പരീക്ഷ എഴുതാൻ ശ്രദ്ധിക്കുമല്ലോ. ഏവർക്കും വിജയാശംസകൾ നേരുന്നു.

ഫാ. മൈക്കിൾ വെട്ടിക്കാട്ട്
സെക്രട്ടറി, കെ.എസ്.എസ്.എസ്

# തുവാനീസ പ്രോഗ്രാം

| | |
|---|---|
| 2012 നവംബർ | |
| 9-13 (വെള്ളി 7 p.m. - ചൊവ്വ 9 p.m.) | വിശ്വാസ പ്രബോധന ആത്മാഭിഷേക ധ്യാനം<br>ഫാ. ജിബിൽ കുഴിവേലിൽ & ടീം |
| 16-20 സിസ്റ്റേഴ്സിനുള്ള ധ്യാനം | ഫാ. ജിബിൽ കുഴിവേലിൽ & ടീം |
| 25-29 ആന്തരിക വിശുദ്ധീകരണധ്യാനം | ഫാ. ബിജു കൊച്ചുപറമ്പിൽ & ടീം |
| നവംബർ 30 വെള്ളി 7 pm - ഡിസംബർ 4 ചൊവ്വ 9 pm | വിശ്വാസപ്രബോധന ആത്മാഭിഷേക ധ്യാനം<br>ഫാ. ജിബിൽ കുഴിവേലിൽ & ടീം |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് 2012 ന്റെ ഫലങ്ങൾ

### എ വിഭാഗം

1-ാം സമ്മാനം : ജാസ്മിൻ മേരി ജെയിംസ് ചിറയിൽ, കല്ലറ ന്യൂ, 2-ാം സമ്മാനം : ജെസ്സ് മേരി ആൻ ജോൺ, മാലക്കല്ല്, 3-ാം സമ്മാനം : അനീഷ മരിയ തെക്കുംപെരുമാലിൽ, അമനകര

**4-ാം സമ്മാനം എട്ടുപേർക്ക്**

1. ക്രിസ്റ്റോ ജോസ് പാഴുത്തുരുത്ത്, 2. സാംസ് ബെന്നി, പുന്നത്തുറ, 3. മരിയ മാത്യു കല്ലറ ന്യൂ, 4. ശ്രേയ ആൻ ജോസ്, എസ്.എച്ച്.മൗണ്ട്, 5. സ്റ്റീവ് സി.എസ്. സംക്രാന്തി, 6. അനഘ ആനി ജോസ് പിറവം, 7. ഷാനോ എം. എസ്. കുറുമുള്ളൂർ, 8. മരിയ സ്റ്റീഫൻ കപ്പുകാലായിൽ, പയ്യാവൂർ

**5-ാം സമ്മാനം (15 പേർക്ക്)**

1.ഷാരോൺ മാത്യു തെക്കനാട്ട് പുന്നത്തുറ, 2. നിഷാമോൾ ഷാജി ചേലമൂട്ടിൽ, എൻ. ആർ. സിറ്റി, 3. ജിനു മരിയ സ്റ്റീഫൻ പാറയിൽ,

ഉഴവൂർ, 4. മാത്യു ജോസഫ് ഉഴവൂർ, 5. ക്രിസ്റ്റോ സ്റ്റീഫൻ, വടക്കുമുറി, 6. തെരേസ ജേക്കബ് റാന്നി, 7. ആഷ്ലി ജോൺ, ഞീഴൂർ, 8. അലീന ലൂക്ക്, കുറുപ്പന്തറ, 9. ജോർജ് സ്കറിയ, കുറുപ്പന്തറ, 10. അമലാമോൾ എം. കെ., കുറുപ്പന്തറ, 11. അമലാ സോജൻ തിരുവനന്തപുരം, 12. ആഷിത ആൻ, പാച്ചിറ, 13. താരാ ജേക്കബ്, ഒളശ്ശ, 14. സ്റ്റെസ്സ സ്റ്റാനി, പോത്തുകുഴി, 15. ജോസ്മി സുനിൽ, പോത്തുകുഴി

## ബി വിഭാഗം

1-ാം സമ്മാനം : അലീന ആൻ മാത്യു വട്ടാടിക്കുന്നേൽ, ഉഴവൂർ, 2-ാം സമ്മാനം : അക്ഷയ എസ്, എസ്.ജെ.സി. ബാവൂസ, കല്ലറ ന്യൂ, 3-ാം സമ്മാനം : ജോമേഷ് ജോൺ, മടമ്പം.

**4-ാം സമ്മാനം (എട്ടുപേർക്ക്)**

1. എബിൻ കുര്യാക്കോസ്, മടമ്പം, 2. ജോവാസ് ജോസ്, മടമ്പം, 3. അപർണ വിൻസെന്റ് രണ്ടാംകാട്ടിൽ, തോട്ടറ, 4. ക്രിസ് ലൂക്കോസ്, ഉഴവൂർ, 5. രേഷ്മ മാത്യു, ബാലികാഭവൻ, കുറുമുള്ളൂർ, 6. സോനെറ്റ് സണ്ണി കിഴക്കെനടയിൽ, പിറവം, 7 എബിൻ സ്റ്റീവ് മാത്യു സംക്രാന്തി, 8. അനു സ്റ്റീഫൻ കപ്പുകാലായിൽ, പയ്യാവൂർ

**5-ാം സമ്മാനം (15 പേർക്ക്)**

1. സ്റ്റെഫി ഫെലിക്സ് കൂടല്ലൂർ, 2. ക്രിസ്റ്റീന മെറിൻ മാത്യു വട്ടാടിക്കുന്നേൽ, ഉഴവൂർ, 3. ജെൻസ ജോൺസൺ, മാറിക, 4. ക്രിസ്റ്റി സിറിയക്ക് ഞീഴൂർ, 5. ഫിഫിയ അനെറ്റ് പടവത്തിൽ, കത്തീഡ്രൽ, 6. ജിറ്റ ജോയി പേരൂർ 7. മാത്യൂസ് ജോസ്, കല്ലറ ന്യൂ, 8. ഡിന്റോ മാത്യു മറ്റക്കര, 9. ആൽഫിൻ ജേക്കബ്, ഞീഴൂർ, 10. ആൻഡ്രൂസ് ഫിലിപ്പ് മുട്ടത്തിൽ, കല്ലറ ന്യൂ, 11. സ്റ്റെനി സൈമൺ എസ്.ജെ.സി. ബാവൂസ, കല്ലറ ന്യൂ, 12. നീതു ടോണി, കത്തീഡ്രൽ, 13. ജ്വാല മരിയ സിറിയക്ക്, മടമ്പം, 14. ടോണി തോമസ്, തിരുവനന്തപുരം, 15. മെർലിൻ മാത്യു, ചിങ്ങവനം

## സി. വിഭാഗം

1-ാം സമ്മാനം : അനിറ്റ് സജി എസ്.വി.എം. ജനറലേറ്റ്, 2-ാം സമ്മാനം : മാത്യു ജോസ് പതിയിൽ, കരിങ്കുന്നം, 3-ാം സമ്മാനം : ദീപക് ജോസ്, ഏലന്തനാത്ത്, കരിങ്കുന്നം

**4-ാം സമ്മാനം ഏഴുപേർക്ക്**

1. ജിൻസി ലിജോ, കരിങ്കുന്നം, 2. ക്രിസ്റ്റി എം. ജോർജ് എസ്.വി.എം. ജനറലേറ്റ്, 3. എലേന ജോർജ്, ചെരുവിൽ, മറ്റക്കര, 4. ബിനിറ്റ് അബ്രാഹം തെരുവേൽ, മ്രാല, 5. ജിബി പീറ്റർ കരിപ്പാടം, സോണി സാബു തറയിൽ, കല്ലറ ന്യൂ, 7. റോസ് മരിയ ജോസഫ്, പയസ് മൗണ്ട്

**5-ാം സമ്മാനം (15 പേർക്ക്)**

1. അനുമോൾ ടി. ജേക്കബ് എസ്.വി.എം. ജനറലേറ്റ്, 2. അഞ്ജു അബ്രാഹം എസ്.ജെ.സി. ജനറലേറ്റ്, 3. ആൻമരിയ സ്റ്റീഫൻ, ഉഴവൂർ, 4. അനീഷ് അബ്രാഹം പറമ്പഞ്ചേരി, 5. സീന തങ്കച്ചൻ, തോട്ടറ, 6. മെറീന സാജൻ എസ്.ജെ.സി. ബാവൂസ, കല്ലറ ന്യൂ, 7. ക്രിസ്റ്റീന തോമസ് എസ്.വി.എം. ജനറലേറ്റ്, 8. അനു ഫിലിപ്പ് എസ്.വി.എം. ജനറലേറ്റ്, 9. ഷിക്കു തോമസ് എസ്.വി.എം. ജനറലേറ്റ്, 10. ആൻ കുര്യൻ കാരിത്താസ്, 11. അമ്പിളി സ്റ്റീഫൻ മരങ്ങാട്ടിൽ, പുതുശ്ശേരി, 12. ഷിൻസി കെ. ഇ., എസ്.വി.എം. ജനറലേറ്റ്, 13. ജോമിനി എം. ജോസ്, എസ്.വി.എം. ജനറലേറ്റ്, 14. അഞ്ജലീന ബെന്നി എസ്.വി.എം. ജനറലേറ്റ്, 15. മരിയ ജോൺ എസ്.വി.എം. ജനറലേറ്റ്

## ഡി വിഭാഗം

1-ാം സമ്മാനം : സിസ്റ്റർ ലിനോജ് എസ്.ജെ.സി., ഒടയഞ്ചാൽ, 2-ാം സമ്മാനം : ഷേർളി റ്റാജു പതിയിൽ പ്ലാച്ചേരിൽ, നീണ്ടൂർ, 3-ാം സമ്മാനം : ഷീബ ജോസ് പതിയിൽ, കരിങ്കുന്നം

**4-ാം സമ്മാനം (എട്ടുപേർക്ക്)**

1. സി. ഷാരോൺ എസ്.ജെ.സി. ഇടക്കോലി, 2. ലാലി ജോൺ വെൺമറ്റത്തിൽ, കരിങ്കുന്നം, 3. ബീന തമ്പി, വിരുത്തകുളങ്ങര, കല്ലറ ന്യൂ, 4. ബീറ്റ റോയി കൊച്ചുതറ, എറണാകുളം, 5. ആൻസി ജോയി ഏറ്റിപ്ലാക്കൽ, മാലക്കല്ല്, 6. സണ്ണി വി. കെ. വാക്കേപ്പറമ്പിൽ, കല്ലറ ന്യൂ, 7. ലൂസി കെ.ജെ. കിഴകിനടിയിൽ, പിറവം, 8. സാലി സ്റ്റീഫൻ, കപ്പുകാലായിൽ, പയ്യാവൂർ

**5-ാം സമ്മാനം (15 പേർക്ക്)**

1. മിനി സജി ചിറയ്ക്കൽ, ചുങ്കം, 2. ജയാമോൾ മാത്യു, ചുങ്കം, 3. ഡെയ്സി പുന്നൂസ് കണിയാംപറമ്പിൽ, ചുങ്കം, 4. ഷൈനി ബെന്നി വട്ടംതൊട്ടിയിൽ, പുന്നത്തുറ, 5. ജെയിനമ്മ ഫിലിപ്പ്, കട്ടപ്പന, 6. മിനി റ്റോമി കരിപ്പാടം, 7. നീതു തോമസ് തറയിൽ, തിരുവനന്തപുരം, 8. മിനി ജോസ് പീഠത്തട്ടേൽ, മംഗലഗിരി, 9. ജൂസി തോമസ്, കട്ടച്ചിറ, 10. സിസ്റ്റർ ക്രിസ്റ്റി എസ്.ജെ.സി., പാഴുത്തുരുത്ത്, 11. നാദിയ ജോസ്, പാഴുത്തുരുത്ത്, 12. നിമ്മിച്ചൻ ജേക്കബ് മ്രാല, 13. ജോമോൾ മാത്യു, ചാമക്കാല, 14. സിസ്റ്റർ ലീസ എസ്.ജെ.സി. തോട്ടറ, 15. മോളി ജോയി, കല്ലറ ന്യൂ.

## ഇ വിഭാഗം

1-ാം സമ്മാനം : സി.സി. ജെയിംസ് ചേനക്കുഴിയിൽ, കരിങ്കുന്നം, 2-ാം സമ്മാനം : ഡെയ്സി മാത്യു ഇൻഫാന്റ് ഹൗസ്, 3-ാം സമ്മാനം : ജോയി കുര്യൻ കുഴിയംപറമ്പിൽ, കുറുമുള്ളൂർ.

**4-ാം സമ്മാനം ഏഴുപേർക്ക്**

1. കുഞ്ഞൂഞ്ഞമ്മ മഠത്തിൽപറമ്പിൽ, കല്ലറ (പഴയത്) 2. ലൂക്കോസ് വട്ടച്ചിറ, കല്ലറ (പുതിയത്) 3. സി. അനിജ എസ്.വി.എം. ജനറലേറ്റ്, 4. ബേബി ജോസഫ് മന്നാകുളത്തിൽ കുറുമുള്ളൂർ, 5. മേരി സി.സി. തോട്ടയ്ക്കൽ തിരുവനന്തപുരം, 6. സി. പ്രഭ എസ്.വി.എം. തിരുവനന്തപുരം, 7. സി. അലക്സിസ് എസ്.ജെ.സി. വടക്കുംമുറി

**5-ാം സമ്മാനം (15 പേർക്ക്)**

1. എത്സമ്മ ജോയി മടമ്പം, 2. ലീലാമ്മ ജോർജ് ചാമക്കാലാ, 3. സി. സിബീന എസ്.ജെ.സി., കുറുമുള്ളൂർ, 4. സി. എത്സി മരിയ എസ്.ജെ.സി. കുറുമുള്ളൂർ, 5. ത്രേസ്യാമ്മ സ്റ്റീഫൻ അസൈലം, കൈപ്പുഴ, 6. മേരി ഫിലിപ്പ് ഞാറക്കാട്ടിൽ, അറുനൂറ്റിമംഗലം, 7. അന്നമ്മ അബ്രാഹം മണിത്തൊട്ടിയിൽ, മേമ്മുറി, 8. ലിസമ്മ തോമസ് തെക്കേവട്ടപ്പറമ്പിൽ, കോതനല്ലൂർ, 9. ലൂസി ജോസഫ് ഞീഴൂർ, 10. ഏലിയാമ്മ ജോർജ് തോട്ടറ, 11. എം. യു. ജോൺ, പതിനഞ്ചിൽചിറ, കുമരകം, 12. ഗ്രേസി ജോസഫ് ശ്രീപുരം, 13. എം. സി. കുര്യൻ ഞീഴൂർ, 14. ലവ്‌ലി ജോസഫ് കടുത്തുരുത്തി, 15. വത്സമ്മ ഫിലിപ്പ് ഞീഴൂർ

## എഫ്. വിഭാഗം

1-ാം സമ്മാനം : ലീലാമ്മ ജോർജ് മാളിയേക്കൽ, നീണ്ടൂർ, 2-ാം സമ്മാനം : ഏലിക്കുട്ടി പുളിയൻകാലായിൽ, ചമതച്ചാൽ, 3-ാം സമ്മാനം : സി. അട്രാക്റ്റ എസ്.വി.എം., കൈപ്പുഴ

**4-ാം സമ്മാനം (എട്ടു പേർക്ക്)**

1. മേരി തോമസ് തോട്ടത്തിൽ, നീണ്ടൂർ, 2. സി. മേരി എസ്.ജെ.സി. നീണ്ടൂർ, 3. റ്റി. സി. ചാക്കോ അറയ്ക്കൽ, അറുനൂറ്റിമംഗലം, 4. ഏലിയാമ്മ സ്റ്റീഫൻ സംക്രാന്തി, 5. സി. ലെഗോറി എസ്.വി.എം. ജനറലേറ്റ്, 6. അന്നമ്മ മത്തായി കുറുപ്പന്തറ, 7. സി. കനീഷ്യസ് എസ്.വി.എം. വാരപ്പെട്ടി, 8. സൈമൺ വട്ടുകുളത്തിൽ, ചമതച്ചാൽ, 9. സി. ജൽത്രൂദ്, എസ്.ജെ.സി. ശ്രീപുരം

**5-ാം സമ്മാനം (15 പേർക്ക്)**

1. കുഞ്ഞമ്മ ജോസഫ് കല്ലിശ്ശേരി, 2. ജോസ് കെ. എം. കോഴമ്പരമ്പത്ത്, 3. സി. ലിസിക്സ് എസ്.ജെ.സി. നീണ്ടൂർ, 4. ലില്ലി തമ്പി കാവനാൽ, രാമമംഗലം, 5. എ. പി. ജോർജ് കുറുപ്പന്തറ, 6.എം. ജെ. ലൂക്കോസ് മാക്കീൽ, തിരുവനന്തപുരം, 7. തങ്കമ്മ അബ്രാഹം തിരുവനന്തപുരം, 8. റീത്താമ്മ ജോയി മള്ളൂശ്ശേരി, 9.ഏലിയാമ്മ ജോർജ് സംക്രാന്തി, 10. മാത്യുക്കുട്ടി എറണാകുളം, 11. സി. അവിലാ എസ്. വി. എം. കണ്ണങ്കര, 12. സി. മേരി മാഗി എസ്. വി.എം. കാരിത്താസ്, 13. തങ്കമ്മ ചാണ്ടി കുമരകം, 14. ജോസ് കുന്നത്തുതുണ്ടിയിൽ, തുരുത്തിക്കാട്, 15. അലീസ മംഗലത്ത്, കൂടല്ലൂർ.

കൂടുതൽപേരെ പങ്കെടുപ്പിച്ച 3 ഇടവകകൾ : ഉഴവൂർ 540, പെരിക്കല്ലൂർ 467, പുന്നത്തുറ 405

കൂടുതൽ സമ്മാനങ്ങൾ നേടിയ ഇടവക : സെന്റ് മേരീസ് ചർച്ച്, കല്ലറ ന്യൂ.

ഫാ. ജോർജ് പുതുപ്പറമ്പിൽ (ചെയർമാൻ)

# വൊക്കേഷൻ കമ്മീഷൻ

## പേരന്റ്സ് ഡേ & സ്പോൺസേഴ്സ് ഡേ

വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമവും അവരെ സഹായിക്കുന്ന സ്പോൺസേഴ്സിന്റെ ദിനവും സംയുക്തമായി 2012 നവംബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ അതിരൂപതാ മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിക്കുന്ന വിശുദ്ധ ബലിയോടെ ആരംഭിക്കും. തുടർന്നുള്ള ചർച്ചകൾക്കും സ്നേഹവിരുന്നിനും ശേഷം രണ്ടു മണിയോടെ സംഗമം സമാപിക്കും.

### ഹോം ഡേ

മൈനർ സെമിനാരി ഹോം ഡേ ആഘോഷങ്ങൾ നവംബർ മാസം 10-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6 മുതൽ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെയും മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്നു. വൈദിക വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

# ടെമ്പറൻസ് കമ്മീഷൻ

കോട്ടയം അതിരൂപതാ മദ്യവിരുദ്ധ പ്രസ്ഥാനമായ ടെമ്പറൻസ് കമ്മീഷന്റെ അതിരൂപതാതല പ്രവർത്തന ഉദ്ഘാടനം മള്ളൂശ്ശേരി സെന്റ് തോമസ് ഇടവക ദേവാലയത്തിൽവച്ച് നടത്തപ്പെടുന്നു. ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്താ വിശുദ്ധബലി അർപ്പിക്കും. അതേ തുടർന്ന് പ്രവർത്തനോദ്ഘാടനവും നിർവ്വഹിക്കും. പ്രസ്തുത സമ്മേളനത്തിൽ കോട്ടയം രൂപതയിലെ വിവിധ ഇടവകകളിൽപ്പെട്ട ടെമ്പറൻസ് കമ്മീഷന്റെയും കരിസ്മാറ്റിക് കമ്മീഷന്റെയും ഉത്തരവാദിത്തം വഹിക്കുന്ന പാരിഷ് കൗൺസിൽ അംഗങ്ങളും പങ്കെടുക്കണമെന്ന് ടെമ്പറൻസ് കമ്മീഷൻ അതിരൂപതാ ചെയർമാൻ റവ. ഡോ. മാത്യു കുരിയത്തറ, പ്രസിഡന്റ് ജോസ്മോൻ പുഴക്കരോട്ട്, സെക്രട്ടറി നിധിൻ പുല്ലുകാടൻ എന്നിവർ അറിയിച്ചു.

ഫാ. മാത്യു കുരിയത്തറ

# മതബോധന കമ്മീഷൻ

മതബോധന കമ്മീഷൻ കുമരകം, കൈപ്പുഴ എന്നീ പള്ളികളിൽ സന്ദർശനം നടത്തി.

ഒക്ടോബർ 14-ാം തീയതി 1 മുതൽ 12 വരെയുള്ള സൺഡേസ്കൂൾ ക്ലാസ്സുകളിലെ ആദ്യ സെമസ്റ്റർ പരീക്ഷയും, 19-ാം തീയതി മോറൽ സയൻസിന്റെയും റെഗുലർ വേദപാഠത്തിന്റെയും പരീക്ഷകളും നടത്തപ്പെട്ടു.

## എസ്.എം.സി.സി. അവാർഡ്

സീറോ മലബാർ സഭയിൽ വിശ്വാസ പരിശീലന പാഠ്യപദ്ധതിയിൽ 12 വർഷം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി കഴിഞ്ഞവർഷം ആരംഭിച്ച SMC Award (Syro Malabar Catechetical Award) ഈ വർഷവും നടത്തപ്പെടുന്നതാണ്. 2012 ഡിസംബർ അവസാനം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടുന്ന ക്യാമ്പിൽ നിന്നും 12-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയുമാണ് ഈ അവാർഡിനായി തെരഞ്ഞെടുക്കുന്നത്. ഓരോ രൂപതയിൽ നിന്നും രണ്ട് ആൺകുട്ടികളെയും രണ്ടു പെൺകുട്ടികളെയുമാണ് ഈ ക്യാമ്പിനായി അയയ്ക്കേണ്ടത്. ഈ ക്യാമ്പിലേയ്ക്ക് കുട്ടികളെ അയയ്ക്കുന്നതിനായി അതിരൂപതാ തലത്തിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. അതിന്റെ നടപടിക്രമം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

1. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അതിരൂപതാ തലത്തിലേയ്ക്ക് അയയ്ക്കുവാൻ ഓരോ ഇടവകയും ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും തെരഞ്ഞെടുക്കണം.
2. 11-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 70% ത്തിനുമുകളിൽ മാർക്കും ഹാജരും ഉണ്ടായിരിക്കുകയും 12-ാം ക്ലാസിൽ തുടർച്ചയായി ഉത്സാഹപൂർവ്വം പങ്കെടുക്കുകയും ചെയ്യുന്ന കുട്ടികളെ മാത്രമേ തെരഞ്ഞെടുക്കാവൂ.
3. വിദ്യാർത്ഥിയുടെ വിശ്വാസ പരിശീലന നിലവാരം, ആദ്ധ്യാത്മികത, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗത കഴിവുകൾ, സാമൂഹ്യ പ്രതിബദ്ധത എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഇടവകയിലെ ഏറ്റവും മികച്ച ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും തിരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ നവംബർ 15ന് മുമ്പായി അതിരൂപത വിശ്വാസപരിശീലന കേന്ദ്ര ഓഫീസിൽ അറിയിക്കണം.
4. ഇപ്രകാരം ഇടവക തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി അതിരൂപതാ വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃ

ത്വത്തിൽ കടുത്തുരുത്തി വലിയപള്ളിയിൽവച്ച് 2012 ഡിസംബർ 8-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4വരെ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. അനുയോജ്യമായ പ്രോഗ്രാമുകളിലൂടെ ഈ കുട്ടികളെ വിലയിരുത്തിയശേഷം ഇവരിൽ നിന്നും രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും സീറോ മലബാർ സഭാതലത്തിൽ ഡിസംബർ മാസം നടത്തപ്പെടുന്ന ക്യാമ്പിൽ പങ്കെടുക്കുവാനായി തെരഞ്ഞെടുക്കുന്നു.

ഫാ. തോമസ് കൊച്ചുപുത്തൻപുരയ്ക്കൽ

# കരിസ്മാറ്റിക് കമ്മീഷൻ

## ജീസസ് യൂത്ത്

ആദ്യവെള്ളി മുതൽ ഞായർ വരെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ തപസ് ധ്യാനം നടത്തി.

രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ജീസസ് യൂത്ത് മദ്ധ്യസ്ഥപ്രാർത്ഥനാ കൂട്ടായ്മ നടത്തപ്പെട്ടു.

അതിരൂപതയിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ഏകദിന ജീസസ് യൂത്ത് ധ്യാനം നടത്തി.

ചെറുകര ഇടവകയിലെ 12 വരെ ക്ലാസ്സുകളിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ഏകദിന ശുശ്രൂഷ നടത്തി; ഇടവകതല യൂത്ത് പ്രെയർ ഗ്രൂപ്പ് ആരംഭിച്ചു.

## ക്രിസ്റ്റീൻ ധ്യാനങ്ങൾ

ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ തൂവാനീസായിൽ 3 ദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടത്തി. 90 കുട്ടികൾ പങ്കെടുത്തു.

എസ്.വി.എം. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മാറിക, എസ്.എച്ച്. മൗണ്ട് എന്നിവിടങ്ങളിലും, എസ്.ജെ.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ രാമമംഗലത്തും, കാരിത്താസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ തെള്ളിത്തോട്, അറുനൂറ്റിമംഗലം, കാരിത്താസ് എന്നിവിടങ്ങളിലും ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തി.

## ജപമാല ദിനം, ജപമാല രാത്രി

തൂവാനീസായിൽ ബുധനാഴ്ചകളിൽ ജപമാലദിനവും, വെള്ളിയാഴ്ചകളിൽ ജാഗരണ രാത്രിയും നടത്തി. അമനകര, ഉഴവൂർ, പുതുവേലി ഇടവകകൾക്കായി പ്രത്യേകം പ്രാർത്ഥന നടത്തി.

### തൂവാനീസായിൽ എല്ലാ ദിവസവും മദ്ധ്യസ്ഥപ്രാർത്ഥന

വെള്ളിയാഴ്ചകളിൽ 2 pm മുതൽ 4 pm വരെയുള്ള പ്രാർത്ഥന യ്ക്കൊപ്പം എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ തൂവാ നീസായിൽ ദിവ്യകാരുണ്യാരാധന ആരംഭിച്ചു.

### വിശ്വാസവർഷ ധ്യാനം നവംബർ മുതൽ ആരംഭിക്കുന്നു

നവംബർ 9 മുതൽ 13 വരെ അൽമായർക്കും നവംബർ 16 മുതൽ 20 വരെ സിസ്റ്റേഴ്സിനും വിശ്വാസ പ്രബോധന ആത്മാഭിഷേക ധ്യാനം തൂവാനീസായിൽ നടത്തപ്പെടുന്നു.

### പഠനാനുഭവ ധ്യാനം

എല്ലാ ശനിയാഴ്ചയും 4 pm മുതൽ ഞായറാഴ്ച 4 pm വരെ 10-ാം ക്ലാസ്സിലെ ആൺകുട്ടികൾക്കായി തൂവാനീസായിലും പെൺകുട്ടി കൾക്കായി മദ്നഹായിലും പഠനാനുഭവധ്യാനം നടത്തപ്പെടുന്നു.

## കെ.സി.സി.

എൻഡോഗമി വിഷയത്തിൽ ലോകമെമ്പാടുമുള്ള ക്നാനായ സമു ദായാംഗങ്ങളുടെ പേരിൽ സഭാനേതൃത്വത്തിന്റെ സഹകരണത്തോടെ പരി ശുദ്ധ സിംഹാസനത്തിൽ സമർപ്പിക്കുവാനുള്ള നിവേദനത്തിൽ ശാഖാ, ഫൊറോനാ, രൂപതാഭാരവാഹികളുടെ ഒപ്പു ശേഖരിക്കുന്നതിനുവേണ്ടി വിവിധ ഫൊറോനാകേന്ദ്രത്തിൽ ഫൊറോനാ കൗൺസിലുകൾ സംഘ ടിപ്പിക്കുകയാണ്. നവംബർ 4-ാം തീയതിയോടെ ഒപ്പുശേഖരണം പൂർത്തി യാക്കി നിവേദനം പരിശുദ്ധ സിംഹാസനത്തിന് സമർപ്പിക്കുന്നതും, അതിന്റെ കോപ്പികൾ സീറോ മലബാർ സഭാധ്യക്ഷൻ മാർ ജോർജ് ആല ഞ്ചേരി പിതാവിനും കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂല ക്കാട്ടിനും സമർപ്പിക്കുന്നതാണ്.

കെ.സി.സി. പ്ലാറ്റിനം ജൂബിലി സ്മാരക ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം അർഹരായ 75 ക്നാനായക്കാരുടെ വീടുകൾ അറ്റകുറ്റപ്പണി കൾ നടത്തുന്നതിനോ പുനരുദ്ധരിക്കുന്നതിനോ കുറഞ്ഞത് 25000 രൂപ വച്ച് സ്പോൺസർമാരെ കണ്ടെത്തി നൽകുന്നതിന് തീരുമാനിച്ചു. കെ. സി.സി. യൂണിറ്റ് ഭാരവാഹികളാണ് ഇതിന് നേതൃത്വം നൽകേണ്ടത്. വിശദവിവരങ്ങൾക്ക് അതിരൂപതാ പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പ ള്ളിയെ ബന്ധപ്പെടേണ്ടതാണ്.

പ്ലാറ്റിനം ജൂബിലി വർഷം കെ.സി.സി. 2013ലെ കലണ്ടർ പ്രസിദ്ധീക രിക്കുന്നതിന് തീരുമാനിച്ചു. എല്ലാ ക്നാനായ ഭവനങ്ങളിലും എത്തിക്കുന്ന

ഈ കലണ്ടറിൽ പരസ്യങ്ങൾ നൽകാൻ ആഗ്രഹിക്കുന്നവർ ട്രഷറർ ഷൈജി ഓട്ടപ്പള്ളിയുമായി ബന്ധപ്പെടേണ്ടതാണ്.

2011 - 2012 വർഷത്തെ മികച്ച കെ.സി.സി. യൂണിറ്റ് / ഫൊറോനയെ തെരഞ്ഞെടുത്ത് അവാർഡുകൾ നൽകുന്നതിന് 2011 മെയ് മാസം മുതൽ 2012 മെയ്മാസം വരെയുള്ള പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് 2012 നവംബർ 30-ാം തീയതിക്കു മുമ്പായി ജനറൽ സെക്രട്ടറി പ്രൊഫ. ബാബു പൂഴിക്കുന്നേലിന് അയച്ചുകൊടുക്കേണ്ടതാണ്. കെ.സി.സി. മലബാർ സമ്മേളനം 2013 ജനുവരി മാസത്തിലും പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനം 2013 മാർച്ച് മാസത്തിലും നടത്തുവാൻ തീരുമാനിച്ചു.

പ്രൊഫ. ബാബു പൂഴിക്കുന്നേൽ (ജന. സെക്രട്ടറി)

# കെ.സി.ഡബ്ല്യു.എ.

## സെമിനാർ നടത്തി

22/9/12-ൽ കെ.സി.ഡബ്ല്യു.എ. ഉഴവൂർ ഫൊറോനയുടെ ആഭിമുഖ്യത്തിൽ അരീക്കര സെന്റ് റോക്കീസ് പള്ളി ഹാളിൽ അംഗങ്ങൾക്കായി സെമിനാർ സംഘടിപ്പിച്ചു. ഫൊറോന പ്രസിഡന്റ് ഷൈനി സിറിയക്കിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ അരീക്കരപള്ളി വികാരി ഫാ. സിറിയക് മാന്തുരുത്തി സെമിനാർ ഉദ്ഘാടനം ചെയ്തു.“ ജീവിതശൈലി രോഗങ്ങൾ” എന്ന വിഷയത്തിൽ ഡോ.നിമ്മി പോൾ സെമിനാർ നയിച്ചു.

ഫൊറോന ചാപ്ലയിൻ ഫാ. സണ്ണി വേങ്ങച്ചേരി, അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്ററീഫൻ എന്നിവർ ആശംസകളർപ്പിച്ചു.ഫൊറോന സെക്രട്ടറി ലാലി സൈമൺ സ്വാഗതവും യൂണിററ് പ്രസിഡന്റ് എ.സി. മേരി നന്ദിയും പറഞ്ഞു.

## ഗോവൻ തീർത്ഥാടനം

കെ.സി.ഡബ്ല്യു.എ. ഉഴവൂർ ഫൊറോനയുടെ ആഭിമുഖ്യത്തിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ ഭൗതിക ശരീരം സൂക്ഷിക്കുന്ന ഗോവയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ “ബോം ജീസസ്സ് ബസിലിക്കയിലേക്ക്” തീർത്ഥാടനം നടത്തി.വിശ്വാസ വർഷാരംഭത്തിൽ നടത്തിയ തീർത്ഥാടനം അമ്മമാർക്ക് ആത്മീയ ഉണർവ്വ് പകർന്നു നൽകുകയും വിശ്വാസത്തിൽ ആഴപ്പെടുവാൻ സാധിക്കുകയും ചെയ്തു.

ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 40 പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു. 20/10/12-ൽ ഉഴവൂർ പള്ളിയിൽ നിന്നാരംഭിച്ച് 23/10/12-ൽ തിരിച്ചെത്തിയ ഈ യാത്രയ്ക്ക് ഫൊറോന ചാപ്ലയിൻ റവ. ഫാ. സണ്ണി വേങ്ങച്ചേരി, ഡോ. ഷൈനി സ്റ്റീഫൻ, ഷൈനി സിറിയക്, ലാലി സൈമൺ, എ. സി. മേരി എന്നിവർ നേതൃത്വം നൽകി.

ബീനാ രാജു, സെക്രട്ടറി

# കെ.സി.വൈ.എൽ

## മലബാർ കുടിയേറ്റ അനുസ്മരണ ക്യാമ്പ് നടത്തി

കെ.സി.വൈ.എൽ. അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ മലബാർ കുടിയേറ്റത്തിന്റെ ഓർമ്മകൾ പുതുക്കുവാനായി കുടിയേറ്റ അനുസ്മരണ ക്യാമ്പ് സംഘടിപ്പിച്ചു. കോട്ടയത്തുനിന്ന് 50 യുവജനങ്ങളും മലബാറിൽ നിന്നും 100 യുവജനങ്ങളും പങ്കെടുത്ത ക്യാമ്പ് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. 1943 കളിൽ മലബാറിലേക്ക് ചേക്കേറിയ പൂർവ്വികരുടെ പാദസ്പർശമേറ്റ മണ്ണിൽ വെച്ച് നടത്തിയ ക്യാമ്പ് യുവജനങ്ങൾക്ക് പുത്തൻ അനുഭവമായി.

**മൺമറഞ്ഞ യുവസുഹൃത്തുക്കളെ കെ.സി.വൈ.എൽ. അനുസ്മരിക്കുന്നു.**

ചുരുങ്ങിയ വർഷത്തെ പ്രവർത്തനം കൊണ്ട് അനേകരുടെ മനസ്സിൽ സ്ഥാനം പിടിച്ച ശേഷം അകാലത്തിൽ നിത്യതയിലേക്ക് പറന്നകന്ന യുവസുഹൃത്തുക്കളെ കെ.സി.വൈ.എൽ. അതിരൂപതാ സമിതി അനുസ്മരിക്കുന്നു. ഇവരെ ഓർമ്മിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും വേണ്ടി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ നവംബർ 4 ന് രാവിലെ 9.30ന് ഇരവിമംഗലം പള്ളിയിൽ ദിവ്യബലിയും തുടർന്ന് ഒപ്പീസും നടത്തുന്നതാണ്.

## കെ.സി.വൈ.എൽ. 43-ാം ജന്മദിനവും മൈലാഞ്ചിയിടീൽ മത്സരവും കുമരകത്ത്

കേരള കത്തോലിക്കാ സഭയിൽ ഇദംപ്രഥമമായി യുവജനങ്ങൾക്കായി ഒരു പ്രസ്ഥാനം ആരംഭിച്ചത് നമ്മുടെ രൂപതയിലാണ്. 1969-ൽ കെ.സി.വൈ.എൽ. സംഘടന അതിന്റെ കർമ്മോജ്ജ്വല പ്രയാണം ആരംഭിച്ചു. കെ.സി.വൈ.എൽ. സംഘടനയുടെ 43-ാം ജന്മദിനത്തോടനുബന്ധിച്ച് കുമ

രകം വള്ളാറ പുത്തൻപള്ളിയിൽ വച്ച് നവംബർ 18-ാം തീയതി മൈലാഞ്ചിയിടീൽ മത്സരവും സംഘടിപ്പിച്ചിരിക്കുന്നു. മത്സരത്തിന്റെ രജിസ്ട്രേഷൻ ഉച്ചയ്ക്ക് ഒരു മണിക്ക് ആരംഭിക്കുന്നതും കൃത്യം 1.30നു തന്നെ മത്സരം ആരംഭിക്കുന്നതുമാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം 3001, 2001, 1001 രൂപയും നാല് പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

നിധിൻ പുല്ലുകാടൻ (ജനറൽ സെക്രട്ടറി)

# കെ.സി.എസ്.എൽ.

## കെ.സി.എസ്.എൽ. സ്റ്റേജ് മെഗാ ഇവന്റ് : അതിരൂപതാ സമ്മേളനവും ഫാ. ഒണോരെ അനുസ്മരണവും

കോട്ടയം അതിരൂപതാ കെ.സി.എസ്.എൽ.-ന് അഭിമാന അവസരമൊരുങ്ങുന്നു. 1916-ൽ സമാരംഭിച്ച കെ.സി.എസ്.എൽ. വിദ്യാർത്ഥി സംഘടന ശതാബ്ദിയിലേയ്ക്കുള്ള തന്റെ പ്രയാണത്തിൽ സംഘടനാ സ്ഥാപകപിതാക്കന്മാരിൽ അഗ്രഗണ്യനായ ഫാ. ഒണോരെയെ അനുസ്മരിക്കുന്ന മഹാസമ്മേളനത്തിന് കോട്ടയം അതിരൂപതാ കെ.സി.എസ്.എൽ. ആതിഥ്യമരുളുന്നു. 2012 നവംബർ 9-ാം തീയതി വെള്ളിയാഴ്ച 2 പി.എം.ന് കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രത്യേക ആതിഥേയത്വത്തിൽ കരിങ്കുന്നം പാരീഷ് ഹാൾ ഓഡിറ്റോറിയത്തിൽ കെ.സി.എസ്.എൽ. സ്റ്റേജ് മെഗാ ഇവന്റ് അതിരൂപതാ സമ്മേളനവും ഫാ. ഒണോരെ അനുസ്മരണവും നടക്കുന്നു. അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്, ഇടുക്കി എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിൻ, കെ.സി.എസ്.എൽ. ജനറൽ ഡയറക്ടർ റവ. ഫാ. യേശുദാസ് പഴമ്പിള്ളി, കോട്ടയം അതിരൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസി സെക്രട്ടറി റവ. ഫാ. തോമസ് ആദോപ്പിള്ളിൽ തുടങ്ങി പ്രമുഖരും മറ്റ് കെ.സി.എസ്.എൽ. സംസ്ഥാന അതിഭാരവാഹികളും പങ്കെടുക്കുന്നു.

### കലാ മത്സരങ്ങൾ

ഈ വർഷത്തെ അതിരൂപതാ കലോത്സവം 2012 ഡിസംബർ 1-ാം തീയതി ശനിയാഴ്ച കൈപ്പുഴ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്. ൽ രാവിലെ

9.30ന് മത്സരങ്ങൾ ആരംഭിക്കും. മത്സര ഇനങ്ങൾ, മത്സര വിഷയങ്ങൾ എന്നിവ ഈ വർഷത്തെ കെ.സി.എസ്.എൽ. മാർഗ്ഗരേഖയിൽ കാണുക.

ശ്രദ്ധിക്കുക

1. ഒരു കുട്ടിക്ക് രണ്ടു വ്യക്തിഗത ഇനങ്ങളിലും രണ്ടു ഗ്രൂപ്പിനങ്ങളിലും പങ്കെടുക്കാവുന്നതാണ്.
2. ഓരോ മത്സരത്തിലും ഒരു സ്കൂളിൽ നിന്ന് വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്കും ഗ്രൂപ്പിനങ്ങളിൽ ഒരു ടീമിനും മത്സരിക്കാം. ലളിതഗാന ത്തിന് ഒരു സ്കൂളിൽ നിന്ന് 2 പേർക്ക് പങ്കെടുക്കാവുന്നതാണ്.
3. ഓരോ മത്സര ഇനത്തിനും ഒരു കുട്ടിക്ക് 10 രൂപ വച്ചായിരിക്കും രജി സ്ട്രേഷൻ ഫീസ്.
4. മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് (രണ്ടു കോപ്പികൾ) 2012 നവംബർ 20-ാം തീയതിക്കു മുമ്പായി ആനിമേറ്ററുടെ ഒപ്പോടുകൂടി ചൈതന്യയിൽ വിശ്വാസപരിശീലന കമ്മീഷൻ ഓഫീസിൽ ഏൽപ്പി ക്കേണ്ടതാണ്. നവംബർ 20-ാം തീയതിക്കു മുമ്പായി ലിസ്റ്റ് നല്കാ ത്തവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

ഫാ. സജി കൊച്ചുപറമ്പിൽ (ഡയറക്ടർ)

# ചെറുപുഷ്പമിഷൻലീഗ്

## സംസ്ഥാന വാർഷികം, കലോത്സവം

27 വർഷങ്ങൾക്ക് ശേഷം സി.എം.എൽ. സംസ്ഥാന കലോത്സവവും, വാർഷികവും കോട്ടയം അതിരൂപതയിലേയ്ക്ക് കടന്നു വരികയാണ്. ഈ കലോത്സവത്തെ ഏറെ അവിസ്മരണീയദിനങ്ങളാക്കി മാറ്റുവാൻ അണി യറപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. രൂപത - സംസ്ഥാന ഭാരവാഹികൾ ഉൾപ്പെടുന്ന സ്വാഗതസംഘം കമ്മിറ്റിക്ക് നാം രൂപം നൽകി കഴിഞ്ഞിരിക്കുന്നു. 2012 നവംബർ 10, രണ്ടാം ശനിയാഴ്ച കോട്ടയം അതി രൂപതയുടെ ആത്മീയ കേന്ദ്രമായ എസ്.എച്ച്. മൗണ്ടിലെ സേക്രഡ് ഹാർട്ട് പബ്ലിക് സ്കൂളിൽ വച്ചാണ് പ്രസ്തുത സംസ്ഥാനവാർഷികവും കലോത്സവവും അരങ്ങേറുന്നത്. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള മിഷൻലീഗ് കലാകാരന്മാർ ഏഴ് സ്റ്റേജുകളിലായി മാറ്റുരയ്ക്കുന്ന പ്രസ്തുത പരിപാടികൾ കണ്ട് ആസ്വദിക്കുവാൻ കോട്ടയത്തെ

മിഷൻലീഗ് പ്രവർത്തകർക്ക് ലഭിക്കുന്ന ഈ സുന്ദര അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ നാം ശ്രദ്ധിക്കുമല്ലോ. ദൂരെ സ്ഥലങ്ങളിലേയ്ക്ക് യാത്രകൾ ഇല്ലാതെ നമ്മുടെ മുറ്റത്ത് എത്തിയിരിക്കുന്ന ഈ കലോത്സവത്തിൽ എല്ലാ മിഷൻലീഗ് അതിരൂപത മത്സരവിജയികളും പങ്കെടുത്ത് സമ്മാനങ്ങൾ നേടുവാൻ ശ്രദ്ധിക്കുമല്ലോ. കോട്ടയം അതിരൂപത ആതിഥേയത്വം വഹിക്കുന്ന ഈ സംസ്ഥാനവാർഷികത്തിന്റെ വിജയത്തിനായി നമ്മുടെ എല്ലാ യൂണിറ്റുകളുടെയും സ്ഥാപനങ്ങളുടെയും പ്രാർത്ഥനയും പിന്തുണയും ഞങ്ങൾ ആഗ്രഹിക്കുന്നു.

### അതിരൂപതാ മാനേജിംഗ് കമ്മിറ്റിയും കലോത്സവ കമ്മിറ്റിയും

മിഷൻലീഗ് സംസ്ഥാന വാർഷികം, കലോത്സവം എന്നിവയുടെ വിജയത്തിനുവേണ്ടി നാം രൂപം നൽകിയിരിക്കുന്ന വിവിധ കമ്മിറ്റികളുടെ സംയുക്തയോഗവും അതിരൂപത മാനേജിംഗ് കമ്മിറ്റിയും 2012 നവംബർ 4 ഞായറാഴ്ച 2.30 p.m ന് ചൈതന്യയിൽ സമ്മേളിക്കുന്നതായിരിക്കും. പ്രസ്തുത പരിപാടിയിൽ എല്ലാ മേഖല - രൂപത ഭാരവാഹികളും, കമ്മിറ്റി അംഗങ്ങളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### ചെറുപുഷ്പ മിഷൻലീഗ് ദേശീയ തിരഞ്ഞെടുപ്പ്

ചെറുപുഷ്പ മിഷൻലീഗ് ദേശീയ തിരഞ്ഞെടുപ്പിൽ ദേശീയ ജനറൽ ഓർഗനൈസറായി മാറിടം ഇടവകാംഗമായ ശ്രീ. സുജി തോമസ് പുല്ലുകാട്ട് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ദേശീയ ഓർഗനൈസർ പദവി കോട്ടയം അതിരൂപതയിലേയ്ക്ക് കടന്നു വരുന്നത് ഇത് രണ്ടാം തവണയാണ്. ഇദ്ദേഹം എസ്. എച്ച്. മൗണ്ട് ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപകനാണ്. ഭാര്യ സ്മിത (അദ്ധ്യാപിക, സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂൾ)

സിജിൻമോൻ സിറിയക് ഒഴുകയിൽ - സെക്രട്ടറി

## മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

### ഹൃദയ ആരോഗ്യദിനം ആചരിച്ചു

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പയ്യാവൂർ സെന്റ് ആൻസ് പാരീഷ് ഹാളിൽ വച്ച് ലോക ഹൃദയ ആരോഗ്യ ദിനാചരണം സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി

ബോധവൽക്കരണ സെമിനാറും, പ്രസംഗ മത്സരവും, പൊതുസമ്മേളനവും സംഘടിപ്പിക്കപ്പെട്ടു. സെന്റ് ആൻസ് പള്ളി വികാരി ഫാ. സുനി പടിഞ്ഞാറെക്കരയിൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം പയ്യാവൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സവിത ജയപ്രകാശ് ഉത്ഘാടനം ചെയ്തു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം ആമുഖ പ്രഭാഷണവും സി. മേഴ്സി ചടങ്ങിന് ആശംസ നേരുകയും ചെയ്തു.

ഹൃദയ ആരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി മേഴ്സി ഹോസ്പിറ്റലിലെ ഡോക്ടർ ജോൺസ് അർദ്ധദിന പ്രഭാഷണം നടത്തി. ദിനാചരണത്തിന്റെ ഭാഗമായി മടമ്പം മേഖലയിലെ സ്വാശ്രയസംഘങ്ങൾക്കായി "ആരോഗ്യ ഹൃദയം സുസ്ഥിരജീവിതത്തിന്" എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് കാഷ് അവാർഡുകളും, പ്രോത്സാഹനസമ്മാനങ്ങളും വിതരണം ചെയ്തു. ദിനാചരണപരിപാടിക്ക് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മടമ്പം മേഖലാ കോ ഓർഡിനേറ്റർ ശ്രീ. ബിനു, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## വൃദ്ധജനങ്ങൾക്കായി ഒരു പകൽവീട്

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ രാജപുരം മേഖലയിൽ ഒരു പകൽവീട് പണിയുന്നു. മേഖലയിലെ വൃദ്ധ മാതാപിതാക്കൾക്ക് വേണ്ടിയാണ് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജപ്പാൻ ഗവൺമെന്റുമായി കൈകോർത്തത്. കൊട്ടോടിയിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പകൽവീട് പ്രദേശത്തെ വൃദ്ധ മാതാപിതാക്കൾക്ക് ഒരു ആശ്രയകേന്ദ്രം തന്നെ ആയിരിക്കും. കൗൺസലിംഗ് സൗകര്യങ്ങൾ, ഉല്ലാസത്തിനായുള്ള സംവിധാനങ്ങൾ, വിവിധ വിഷയങ്ങളിൽ ഊന്നിയുള്ള ബോധവൽക്കരണക്ലാസുകൾ, വരുമാന വർദ്ധനവിനുതകുന്ന വിധത്തിലുള്ള സ്വയംതൊഴിൽ പരിശീലനങ്ങൾ, വൈദ്യപരിശോധനാക്യാമ്പുകൾ എന്നീ സൗകര്യങ്ങൾ വൃദ്ധ മാതാപിതാക്കൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പകൽവീട് നിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഉടമ്പടി ഒപ്പുവയ്ക്കൽ ചടങ്ങ് ചെന്നൈയിലെ ജപ്പാൻ കോൺസുലേറ്റിൽ വച്ച് നടന്നു. കോൺസുലേറ്റ് ജനറൽ ശ്രീ. മാസനോറി നക്കാനോ, ശ്രീമതി കൊയാക്കേ ഫുറക്കോവ, മലബാർ സോഷ്യൽ

സർവ്വീസ് സൊസൈറ്റിയുടെ സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. ഇതിനെ തുടർന്ന് ജപ്പാൻ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ശ്രീ. മാസനോറി നക്കാനോയും സൊസൈറ്റിക്കുവേണ്ടി ഫാ. സുനിൽ പെരുമാനൂരും ഉടമ്പടിയിൽ ഒപ്പുവച്ചു.

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രോജക്ട് ഓഫീസർമാരായ ശ്രീ. ജിജോ വർഗീസ്, ശ്രീ. ജസ്റ്റിൻ ലൂക്കോസ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. പദ്ധതിയുടെ ചുമതലയുള്ള ശ്രീമതി കൊബയാഷി, ശ്രീ. ആൻഡ്രൂസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ലോക വയോജനദിനാഘോഷം

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോകവയോജനദിനത്തിന്റെ ഭാഗമായി പുളിഞ്ഞാൽ ക്രിസ്തുരാജ പാരിഷ്ഹാളിൽ വച്ച് വയോജനദിനാഘോഷം സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി പൊതുസമ്മേളനം, സെമിനാർ, അനുഭവങ്ങൾ പങ്കുവയ്ക്കൽ എന്നിവ നടന്നു. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഷിമ സുരേഷ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. പുളിഞ്ഞാൽ പള്ളി വികാരി ഫാ. ഷിജു തുരുത്തിയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം യു.പി. ആമുഖപ്രഭാഷണം നടത്തി.

'വയോജനങ്ങൾ ഇന്നിന്റെ സമ്പത്ത്' എന്ന വിഷയത്തെ ആസ്പദമാക്കി സി.ലിനറ്റ് എസ്.വി.എം. സെമിനാർ നടത്തി. പ്രായമായ മാതാപിതാക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചപ്പോൾ അത് ഇളംതലമുറയ്ക്ക് പ്രചോദനമായി. സ്നേഹവിരുന്നോടുകൂടി പരിപാടികളും സംഗമവും പര്യവസാനിച്ചു. മാസ്സ് ആനിമേറ്റർ ശ്രീമതി ഷാന്റി സജി, ഗ്രൂപ്പ് ലീഡേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഗ്രാമീണ ആട് വളർത്തൽ പദ്ധതി

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി 'ലാസിം' സഹായത്തോടെ തിരൂർ, മാങ്കുഴി വില്ലേജുകളിലെ വനിത സ്വാശ്രയസംഘാംഗങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കിക്കൊണ്ട് നടപ്പാക്കുന്ന ഗ്രാമീണ ആടുവളർത്തൽ പദ്ധതിയുടെ ധനസഹായ വിതരണം തിരൂർ

ഫ്രാൻസിസ് അസീസി പാരിഷ്ഹാളിൽ നടന്നു. ഫാ. ലിജോ കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ വാർഡ് മെമ്പർ ശ്രീമതി സിന്ധു ടോം ആട് വളർത്തൽ പദ്ധതിയുടെ ഫണ്ട് വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ പദ്ധതി വിശദീകരണം നടത്തി. മടമ്പം മേഖല കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു ജോയി ആശംസാപ്രസംഗം നടത്തി. പദ്ധതി പ്രകാരം 40 വനിതകൾക്ക് ആടുവളർത്തലിനായി രണ്ടുലക്ഷം രൂപ പലിശരഹിത ലോൺ ആയി നൽകി. ആനിമേറ്റർ ടെസ്സി ജോയി നേതൃത്വം നൽകി. തിരൂർ - മാങ്കുഴി എന്നിവിടങ്ങളിൽ നിന്നും സ്വാശ്രയഅംഗങ്ങൾ പങ്കെടുത്തു.

## സോപ്പ് നിർമ്മാണ പരിശീലനം - കൊട്ടോടി

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിലെ കൊട്ടോടി പ്രദേശത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന മണ്ണ് - ജല സംരക്ഷണ പരിപാടിയുടെ ഭാഗമായി നീർത്തട പ്രദേശത്ത് താമസിക്കുന്ന ഗോത്രവർഗ്ഗക്കാരുടെ വരുമാന വർദ്ധക പരിപാടിയുടെ ഭാഗമായി സോപ്പ് നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ സോപ്പ് നിർമ്മാണത്തിൽ പരിശീലനം നൽകുകയുണ്ടായി. കേന്ദ്രസർക്കാർ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായി പ്രത്യേകം അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പരിശീലനം സംഘടിപ്പിച്ചത്. പരിശീലനത്തിൽ കൊട്ടോടി ചീമുള്ളടുക്കം കോളനിയിലെ 22 ഗുണഭോക്താക്കൾ പങ്കെടുത്തു. MASSS WGDP ഫെസിലിറ്റേറ്റർ ശ്രീമതി ലാലി, കൊട്ടോടി പട്ടികവർഗ്ഗ പട്ടികജാതി പ്രൊമോട്ടർ ശ്രീമതി ബിന്ദു ഗംഗാധരൻ എന്നിവർ നേതൃത്വം നൽകി.

## സോപ്പ് നിർമ്മാണ പരിശീലനം ചുള്ളിക്കരയിൽ

കേന്ദ്രസർക്കാർ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി കള്ളാർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കരയിൽ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കള്ളാർ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ തുടങ്ങിയവയുടെ സഹകരണത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നീർത്തട വികസന പദ്ധതി പ്രദേശത്ത് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിലെ ആളുകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി വരുമാന പദ്ധതിയിലൂടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ST/SC പ്രോജക്ടിന്റെ ഭാഗമായി സോപ്പ് നിർമ്മാ

ണത്തിൽ പരിശീലനം സംഘടിപ്പിച്ചു. ചുള്ളിക്കര - എടക്കടവ് കോളനിയിലെ 28 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുത്തു. പരിപാടിക്ക് വാർഡ് മെമ്പർ ശ്രീ. ഗോപി ST / SC പ്രൊമോട്ടർ ശ്രീമതി ബിന്ദു ഗംഗാധരൻ WGDP ഫെസിലിറ്റേറ്റർ ശ്രീമതി ലാലി സണ്ണി എന്നിവർ നേതൃത്വം നൽകി.

## നീർത്തട ഗ്രാമസഭ - കൊട്ടോടി

പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കള്ളാർ ഗ്രാമപഞ്ചായത്തിലെ കൊട്ടോടിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായുള്ള നീർത്തട ഗ്രാമസഭ കൊട്ടോടി കമ്മ്യൂണിറ്റി ഹാളിൽ നടക്കുകയുണ്ടായി. വാർഡ് മെമ്പർ കെ. അബ്ദുള്ളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഗ്രാമസഭ കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിഘ്നേശ്വര ഭട്ട് ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ശ്രീ. മുരുകൻ, വെറ്ററിനറി ഡോക്ടർ ശ്രീ. ജോസഫ്, പഞ്ചായത്ത് മെമ്പർ ശ്രീ. ഗോപി എന്നിവർ ആശംസപ്രസംഗം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ നീർത്തടവുമായി ബന്ധപ്പെട്ട് 2012-2013 വർഷം നടപ്പാക്കേണ്ട മണ്ണ് ജലസംരക്ഷണം, ഉത്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വരുമാനവർദ്ധകപരിപാടികൾ ST / SC പ്രോജക്ട് തുടങ്ങി 30 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. കൂടാതെ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം നീർത്തട പരിധിയിൽ വരുന്ന ജനറൽ വിഭാഗത്തിലെ സ്ത്രീകൾക്കായി നടപ്പാക്കുന്ന അടുക്കളത്തോട്ട നിർമ്മാണം, ആട് വളർത്തൽ, പശു വളർത്തൽ, കോഴി വളർത്തൽ തുടങ്ങി 6 ലക്ഷം രൂപയുടെ പദ്ധതിക്കുള്ള അംഗീകാരവും ലഭിക്കുകയുണ്ടായി. മാസ്സ് പ്രോഗ്രാം മാനേജർ സ്വാഗതവും WGDP ഫെസിലിറ്റേറ്റർമാരായ ജോൺസൺ പെരുമ്പടവിൽ, ശ്രീമതി ലാലി, വില്ലേജ് വാട്ടർ കമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. VWC ചെയർമാൻ കെ. കൃഷ്ണൻ നായർ നന്ദി പറഞ്ഞു. ഗ്രാമസഭയിൽ 110 അംഗങ്ങൾ പങ്കെടുത്തു.

## നീർത്തട ഗ്രാമസഭ - ചുള്ളിക്കര

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കള്ളാർ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, പശ്ചിമഘട്ട വികസന സെൽ എന്നിവയുടെ സഹകരണത്തോടെ കള്ളാർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കരയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മണ്ണ് ജല സംരക്ഷണപരിപാടിയുടെ നീർത്തട ഗ്രാമ

സഭ ചുള്ളിക്കര ഗവൺമെന്റ് ജി.എൽ. പി. സ്കൂളിൽ ചേരുകയുണ്ടായി. ഗ്രാമസഭയിൽ വാർഡ് മെമ്പർ ശ്രീ. പി. ഗോപി അദ്ധ്യക്ഷത വഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിഘ്നേശ്വര ഭട്ട് ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ശ്രീ. മുരുകൻ, വെറ്ററിനറി ഡോക്ടർ ശ്രീ. ജോസഫ് എന്നിവർ ആശംസാ പ്രസംഗം നടത്തി. തുടർന്ന് നീർത്തട വികസന പദ്ധതി പ്രകാരം 2,3 ഘട്ടത്തിൽ നടപ്പാക്കേണ്ട പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വനിതാ പ്രോജക്ട്, ST / SC പ്രോജക്ട് എന്നിവ ചർച്ച ചെയ്തു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള അപേക്ഷ ഫോം വിതരണം ചെയ്യുകയും ചെയ്തു. ഗ്രാമസഭയ്ക്ക് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാഗതവും V.W.C. ചെയർമാൻ ശ്രീ. രാജു നന്ദിയും പറഞ്ഞു. ഗ്രാമസഭയിൽ 115 പേർ പങ്കെടുത്തു. ശ്രീ. ജോൺസൺ, ശ്രീമതി ലവ്‌ലി എന്നിവർ നേതൃത്വം നൽകി.

## അവലോകന യോഗം

മാസ്സ് കള്ളാർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പശ്ചിമഘട്ട വികസന പദ്ധതി സംബന്ധിച്ച അവലോകനയോഗം കള്ളാർ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് ശ്രീ. വിഘ്നേശ്വരഭട്ടിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി ജോസഫ്, വാർഡ് മെമ്പർമാരായ പി. ഗോപി, കെ. അബ്ദുള്ള, കൃഷി ഓഫീസർ മുരുകൻ, വെറ്ററിനറി ഡോക്ടർ ജോസഫ്, മാസ്സ് സ്റ്റാഫ് അംഗങ്ങളായ അബ്രാഹം ഉള്ളാടപ്പുള്ളിൽ, ജോൺസൺ, ശ്രീമതി ലാലി എന്നിവർ പങ്കെടുത്തു. മീറ്റിംഗിൽ ചുള്ളിക്കര, കൊട്ടോടി നീർത്തടത്തിൽ നടപ്പാക്കിയ മണ്ണ് ജലസംരക്ഷണ പരിപാടിയെക്കുറിച്ച് വിലയിരുത്തി. രണ്ട്, മൂന്ന് ഘട്ടം പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി WGDP അനുമതി നൽകിയ വനിതാ പ്രോജക്ട്, ST / SC പ്രോജക്ട് എന്നിവ നടത്തേണ്ട കാര്യങ്ങൾ ഗ്രാമസഭ വിളിച്ച് മേൽപറഞ്ഞ പ്രവർത്തനങ്ങളുടെ അനുമതി ലഭ്യമാക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

## മോണിറ്ററിംഗ് വിസിറ്റ്

മാസ് കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടുകൂടി വയനാട്ടിൽ നടപ്പിലാക്കുന്ന ഫാം പ്രോജക്ടിന്റെ വിലയിരുത്തൽ സന്ദർശനം തോണ്ടർനാട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങലിൽ നടന്നു. കാരിത്താസ് ഓസ്ട്രേലിയ പ്രോജക്ട് മാനേജർ ശ്രീമതി കെയ്‌ലി, കാരിത്താസ് ഇന്ത്യ

NRM മാനേജർ ഡോ. വി. ആർ. ഹരിദാസ്, കേരള സോഷ്യൽ സർവ്വീസ് ഫോറം പ്രോഗ്രാം മാനേജർ ശ്രീ. ഇ. ജെ. ജോസ് എന്നിവർ അടങ്ങിയ ടീം ആണ് സന്ദർശനം നടത്തിയത്. അംഗവൈകല്യമുള്ളവരുടെ ഗ്രൂപ്പു മീറ്റിങ്ങുകളിൽ സന്ദർശിച്ച ടീം ലീഡർ ശ്രീമതി കെയ്‌ലി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെ വിലമതിക്കുകയും മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു. ജൈവകർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ ടീം കർഷകർക്ക് പ്രായോഗിക നിർദ്ദേശങ്ങൾ നൽകി. ഫാ. സുനിൽ പെരുമാനൂർ, ശ്രീ. ജിജോയ്, ശ്രീമതി ജയിനമ്മ, ശ്രീ. ജയൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ക്നാനായ സ്റ്റാഴ്സ് സെലക്ഷൻ ക്യാമ്പ്

മാസ്സ് ക്നാനായ സ്റ്റാഴ്സ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി പുതിയ ക്നാനായ പ്രതിഭകളുടെ സെലക്ഷൻ ക്യാമ്പ് മലബാറിലെ വിവിധ ഭാഗങ്ങളിൽ നടന്നു. മടമ്പം മേഖല ക്യാമ്പ് പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിലും രാജപുരം മേഖല ക്യാമ്പ് രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിലും വയനാട് മേഖല ക്യാമ്പ് പാവന പാസ്റ്ററൽ സെന്ററിലും നടന്നു. 8-ാം ക്ലാസിൽ പഠിക്കുന്ന ക്നാനായ കുട്ടികളിൽ നിന്നും 25 കുട്ടികളെ പുതിയ ബാച്ചിലേയ്ക്ക് തെരഞ്ഞെടുത്തു. സമുദായത്തെക്കുറിച്ചുള്ള അറിവ്, ബൈബിൾ പരിജ്ഞാനം, പൊതുവിജ്ഞാനം, അക്കാദമിക് മികവ്, ഓവറോൾ പെർഫോമൻസ്, കലാസാഹിത്യ അഭിരുചി, പേഴ്സണൽ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയത്. ജസ്റ്റിൻ, അബ്രാഹം, ആഷ്ന, ബാബു, കുമാരി ആശ, കുമാരി റ്റിനു എന്നിവർ അടങ്ങിയ എക്സ്പേർട്ട് ടീം ആണ് സെലക്ഷൻ നടത്തിയത്.

## ആടുവളർത്തൽ പദ്ധതി

എച്ചോം യൂണിറ്റിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയസംഘ അംഗങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കിക്കൊണ്ട് ആടുവളർത്തൽ പദ്ധതി ആരംഭിച്ചു. 13 സംഘ അംഗങ്ങൾക്ക് 5000 രൂപ വീതം ഫണ്ട് നൽകി. പ്രസ്തുത പദ്ധതി എച്ചോം പള്ളി വികാരി ഫാ. അബ്രഹാം പുതുകുളം ഉദ്ഘാടനം ചെയ്തു. മാസ്സ് ഫീൽഡ് സ്റ്റാഫ് ശ്രീ. ബിബിൻ, ആനിമേറ്റർ ശ്രീമതി ഫിലോമിന എന്നിവർ പ്രസംഗിച്ചു.

## സൗജന്യനേത്ര പരിശോധന ക്യാമ്പ്

മാസ്സ്, കോംട്രസ്റ്റ് കണ്ണാശുപത്രി മാവുങ്കൽ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ മാലക്കല്ല് ലൂർദ്മാതാ പാരിഷ്ഹാളിൽവച്ച് സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പ് കള്ളാർ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. അബ്രഹാം കടുതോടിൽ ഉദ്ഘാടനം ചെയ്തു. മാലക്കല്ല് പള്ളി വികാരി ഫാ. ജോസ് കുറുപ്പന്തറ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോം ട്രസ്റ്റ് ഹോസ്പിറ്റൽ ടീം പരിശോധന നടത്തി. മാസ്സ് സ്റ്റാഫ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## ജൈവകൃഷി പരിശീലനം

കണ്ടകശ്ശേരിയിൽ പ്രവർത്തിക്കുന്ന സംഘ അംഗങ്ങൾക്കായി ജൈവ കൃഷി പരിശീലന പരിപാടി സംഘടിപ്പിച്ചു. ട്രെയ്നർ ശ്രീമതി ബിന്ദു ജോയി, ആനിമേറ്റർ ശ്രീമതി ആലീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കൂൺകൃഷി പരിശീലനം

കൂൺകൃഷിയുടെ അനന്ത സാധ്യതകൾ സംഘാംഗങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കൂൺകൃഷി പരിശീലന പരിപാടി പയ്യാവൂർ പാറക്കടവിൽ നടന്നു. ട്രെയ്നർ ശ്രീമതി ബിന്ദു ജോയി, ആനിമേറ്റർ സുഷ ബെന്നി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ചങ്ങാതിക്കൂട്ടം

മാസ്സ് നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി ചങ്ങാതിക്കൂട്ടം പദ്ധതി ആരംഭിച്ചു. 20 തെങ്ങിന്റെ ചങ്ങാതിമാരുടെ ഫസ്റ്റ് ബാച്ചിന്റെ പരിശീലനം ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ ആരംഭിച്ചു. 6 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി കണ്ണൂർ നബാർഡ്, ഡി.ഡി.എം. പി. ദിനേശ് ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് ഡിസ്ട്രിക്റ്റ് ഡവലപ്മെന്റ് ഓഫീസർ ശ്രീ. വിജയൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കാരിത്താസ് എൻ.ആർ.എം. മാനേജർ ഡോ. ഹരിദാസ് മുഖ്യ പ്രഭാഷണം നടത്തി. മാസ്സ് സെക്രട്ടറി ആമുഖ സന്ദേശം നൽകി. ശ്രീ. അബ്രാഹം യു.പി., ശ്രീ. ജസ്റ്റിൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### സൗജന്യ തയ്യൽ പരിശീലനം

മടമ്പം മേഖലയിൽ പ്രവർത്തിക്കുന്ന 35 സ്വാശ്രയ സംഘ അംഗങ്ങൾ ചമതച്ചാൽ സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ വച്ച് രണ്ട് മാസം നീണ്ടു നിന്ന തയ്യൽ പരിശീലനം പൂർത്തിയാക്കി. ട്രെയ്നർ ശ്രീമതി ജെസ്സി തോമസ്, മാസ് കോ ഓർഡിനേറ്റർ ശ്രീമതി ബിന്ദു ജോയി, ആനിമേറ്റർ ശ്രീമതി ചിന്നമ്മ സൈമൺ എന്നിവർ നേതൃത്വം നൽകി.

### ക്ഷയരോഗ ബോധവൽക്കരണം

മാസ്സ് കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോടുകൂടി കണ്ണൂർ, കാസർഗോഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. സി.എ.ഐ. ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് ഓഫീസർ ശ്രീ. ടോമി മാത്യു, സി. സോണിയ തോമസ്, ബിന്ദു ജോയി, ആൻസി ജോസഫ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ 1**

- പാലാ രൂപതാ സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

2 മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ പൗരോഹിത്യ റൂബി ജൂബിലിയുടെ കൃതജ്ഞതാ ബലിയിൽ പങ്കുചേർന്നു.

5 ഇല്ലിക്കുന്നുംപുറത്ത് ജോസച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ചുങ്കം പള്ളിയിൽ മുഖ്യകാർമികത്വം വഹിച്ചു.

6 പയ്യാവൂർ സേക്രഡ്ഹാർട്ട് ഹയർസെക്കൻഡറി സ്കൂളിന്റെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു.

7 പാലത്തുരുത്ത് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

10 കാത്തലിക് ബിഷപ്സ് ഹൗസിൽ നടന്ന ഡോക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു.

11 ചൈതന്യയിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

- വിശ്വാസ വർഷ ഉദ്ഘാടനം കടുത്തുരുത്തി വലിയ പള്ളിയിൽ നിർവ്വഹിച്ചുകൊണ്ട് കുർബാന അർപ്പിച്ചു.
- ആലുവയിൽ നടന്ന ബാച്ച് ഗാതറിംഗിൽ പങ്കെടുത്തു.

13 രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിൽ കുർബാന അർപ്പിച്ചു.

13-14 മറ്റക്കര ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

16 കൈപ്പുഴ വിസിറ്റേഷൻ മഠത്തിൽ പരി.കുർബാന അർപ്പിച്ചു.

19 ഏറ്റുമാനൂർ എം.എസ്.എഫ്.എസ്. സഭാംഗമായ ഫാ. ദേവസ്യാ കളപ്പുരയുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

- വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

20 പാമ്പാടി മരിയൻ കൺവെൻഷനിൽ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

20-21 ഇരവിമംഗലം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

22 കളത്തിപ്പടി ക്രിസ്തീൻ ധ്യാന കേന്ദ്രത്തിൽ കുർബാന അർപ്പിച്ചു.

23 മോനിപ്പള്ളിയിൽ നടന്ന ബൈബിൾ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

24 കള്ളാർ ഇടവകയിൽ നടന്ന കെ.സി.വൈ.എൽ. മലബാർ ദർശന ക്യാമ്പിൽ പങ്കെടുത്തു സംസാരിച്ചു.

25 മുരിങ്ങൂരിൽ നടന്ന ഇരിങ്ങാലക്കുട രൂപതയുടെ യുവജന സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

28 ചൈതന്യ കാർഷിക മേളയുടെ ലോഗോ പ്രകാശനം ചെയ്തു.

- ഉഴവൂർ ഇടവക പീച്ചനംകാട്ട് മറിയാമ്മ കുര്യന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.
- മള്ളൂശ്ശേരിയിൽ നടത്തപ്പെട്ട ടെമ്പറൻസ് കമ്മീഷൻ മീറ്റിംഗിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.
- മള്ളൂശ്ശേരി പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

30 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടന്ന, അഭി.പണ്ടാരശ്ശേരി പിതാവിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

31 കാരിത്താസിലെ ന്യൂറോ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

**നവംബർ**

1 കാക്കനാട് നടന്ന സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

2 കാക്കനാട് കൂടിയ ധ്യാനകേന്ദ്രം ഡയറക്ടർമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

2–3 റീജണൽ ബിഷപ്സ് ധ്യാനം – വിജയപുരം

# Engagements

## Mar Mathew Moolakkatt

**November 2012**

3-4 Pastoral visit at Arunoottimangalam

5 - 6 Priests' forane meeting

8 Malankara forane priests' meeting

9 KCSL State level anniversary at Karimkunnam

- Chunkom forane priests' meeting

10 CML state Kalotsavam at S H Mount

- Parents' day minor seminary

- Seminary sponsors' day at S H Mount

- Home day, Minor Seminary

10 - 11 Pastoral visit at Kuruppunthara

13 Jubilee of Fr. Philip Karisserickal at Kanthalam

14 Presbytoral council meeting at Chaithanya

17 - 18 Pastoral visit at Monippally and blessing of the newly built Hall

21 O S H Congregation's Chapter

22 To U S A and Gulf

**December**

4 - 6 Dialogue - Pontifical commission for Christian Unity

8 Eucharistic Procession at Uzhavoor

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ 2012**

10. വിശുദ്ധനാട് തീർത്ഥാടനത്തിനുശേഷം തിരിച്ചെത്തി
11. കടുത്തുരുത്തിയിൽ വച്ചു നടത്തിയ അതിരൂപതാ വിശ്വാസവർഷ ഉദ്ഘാടന പരിപാടികളിൽ സംബന്ധിച്ചു
14. പി. ഒ. സി.യിൽ കൂടിയ യുവജന സംഗമത്തിൽ പങ്കെടുത്തു
20. കാരിത്താസ് ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
27. ക്രൈസ്റ്റ് നഗർ പള്ളിയോടനുബന്ധിച്ച് പണിതീർത്ത പുതിയ പാരിഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

## Engagements

### Mar Joseph Pandarasseril

**November 2012**

7 Youth Directors' meeting at P.O.C.
8 Meeting of Priests Jubilarians at Mount St. Thomas
9 CEFAK committee meeting at Archbishop's House
10 Seminary Day, Sponsor's Day at St. Stanislaus Seminary
13 Priestly Silver Jubilee celebration of Fr. Philip Karisserickal at Kanthalam
14 Presbyteral council meeting at Chaithanya.
15 Holy Mass at Capuchin Pavanatma Provincialate, Kannur
16-18 Pastoral visit at Chulliyode
22-25 Pastoral visit at Mangaldam & Kanthalam
25 KCC Changaleri Forane meeting at Kanthalam

**December 1** Vault blessing at Kottoorvayal
2 Karshikamela at Chaithanya

# അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ**

11 വിശ്വാസവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് കടുത്തുരുത്തി വലിയ പള്ളിയിൽ പതാക ഉയർത്തൽ കർമ്മം നിർവഹിച്ചു.

13 മള്ളൂശ്ശേരി ഇടവക മാളിയേക്കൽ പരേതനായ ജോസഫിനുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

23 കുറുമുള്ളൂർ ഇടവക പുക്കറയിൽ പരേതയായ അന്നമ്മയ്ക്കു വേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

# വചനദർശനം

## നിയമത്തിന്റെ ലക്ഷ്യം മനുഷ്യ നന്മ

**നവംബർ 11** **(മത്താ. 12: 1-21)**

തന്റെ ശിഷ്യസമൂഹത്തിന്റെ വിശ്വാസകുറവിനെയും അവിശ്വാസത്തെയും പല ആവർത്തി ശകാരിക്കുന്ന ഈശോ ഇതാ തന്റെ ശിഷ്യന്മാരുടെ പ്രവർത്തിയെ ന്യായീകരിക്കുന്നു. ശിഷ്യർക്ക് വിശപ്പുണ്ടായിരുന്നു. അവരുടെ പ്രവർത്തനം കുറ്റകരമല്ല. ദാവീദിന്റെ പ്രവർത്തനവുമായി തുലനം ചെയ്താൻ അവരുടെ പ്രവർത്തന രീതി ഒട്ടും കുറ്റകരമല്ല. യഹൂദർക്ക് ഏറെ പ്രിയപ്പെട്ട രാജാവായ ദാവീദിന്റെ പ്രവർത്തിയെ മുൻനിർത്തി യേശു പറയുന്നു മനുഷ്യൻ സമ്പത്തിന് വേണ്ടിയല്ല സമ്പത്ത് മനുഷ്യന് വേണ്ടി ആയിരിക്കണം. മനുഷ്യന്റെ നന്മയാണ് എല്ലാ നിയമത്തിന്റെയും ലക്ഷ്യം. നിയമം അനുഷ്ഠിക്കുന്നതിലൂടെ മനുഷ്യന്റെ നന്മയും സന്തോഷവും ആയിരിക്കണം പുറത്ത് വരുന്നത്. യഹൂദർ ഇവ അനുഷ്ഠിച്ചിരുന്നു. കാരണം സാബത്ത് ദിനത്തിൽ രോഗശയ്യയിൽ കിടക്കുന്ന മാതാപിതാക്കൾക്ക് ആവശ്യമായ സേവനങ്ങൾ ഇവർ ചെയ്തിരുന്നു. സാബത്തിൽ ബലിയർപ്പിക്കേണ്ടിയിരുന്നു. എന്നാൽ അന്ന് തീ കത്തിക്കുന്നതു വിലക്കിയിരുന്നു. പ്രശ്ന പരിഹാരത്തിന് സ്വീകരിച്ചിരുന്ന തത്വം ദൈവത്തോടുള്ള

കടമകൾ മനുഷ്യരോടുള്ള കടമകളേക്കാളും നിയമങ്ങളെക്കാളും പ്രാധാന്യമർഹിക്കുന്നു എന്നതായിരുന്നു. സാബത്തിൽ സാബത്തു ലംഘിക്കുന്ന പുരോഹിതൻ കുറ്റമറ്റവനാകാൻ കാരണമിതാണ്.

പ്രീശരിൽ നിന്നും അല്പം വ്യത്യസ്തമായി യേശു ഇതിനെ നോക്കിക്കാണുന്നു. ദൈവത്തിന് മഹത്വം ഉണ്ടാകുന്നത് മനുഷ്യന് നന്മ ചെയ്യുമ്പോഴാണ്. ദൈവത്തെ സന്തോഷിപ്പിക്കേണ്ടത് സഹോദരന് നല്ലത് പ്രവർത്തിക്കുന്നതിലൂടെയാണ്. സഹോദരന്റെയും അയൽക്കാരന്റെയും മുന്നിൽ കണ്ണടച്ചുകൊണ്ടുള്ള ഒരു ആത്മീയതയും ദൈവത്തെ പ്രസാദിപ്പിക്കുക കവി ഭാഷയിൽ പറഞ്ഞാൽ”

“അടുത്തു നിൽപ്പോരനുജനെ
നോക്കാൻ അക്ഷികളില്ലാത്തോർ
ക്കരൂപനീശ്വര
നദൃശ്യനായാൽ
അതിലെന്തൽദുതം.”

ദൈവത്തിന്റെ കൂപ്പുന്ന കരങ്ങളെ എന്റെ സഹോദരന്റെ ആവശ്യങ്ങൾക്ക് മുന്നിൽ തുറക്കാൻ കഴിയണം. ദൈവത്തിന്റെ മുന്നിൽ പ്രാർത്ഥനാപൂർവ്വം അടയ്ക്കുന്ന കണ്ണുകളെ സഹോദരന്റെ ആവശ്യങ്ങൾക്ക് മുന്നിൽ തുറക്കാൻ കഴിയണം. വയലിലെ പൂവ് സൂര്യനിലേയ്ക്ക് വിടരുന്നു. രണ്ട് നാളുകൾക്ക് ശേഷം ഭൂമിയിൽ കൊഴിഞ്ഞു വീഴുന്നു. മറ്റ് ചെടികൾക്ക് വളമാകുന്നു. നീതിസൂര്യനായ ക്രിസ്തുവിനെ മുൻനിർത്തി സഹോദരന്റെ ആവശ്യങ്ങൾക്ക് മുന്നിൽ പെയ്തിറങ്ങാനുള്ളവരാണ് നാമെല്ലാം. സ്വാമി വിവേകാനന്ദന്റെ വാക്കുകൾക്ക് ഇവിടെ അർത്ഥം ഏറുന്നു;

“ദരിദ്ര നാരായണന്മാരെ
സേവിക്കുന്നതിലൂടെ
നാരായണനിൽ എത്തിച്ചേരാം”

## ദേവാലയ ശുദ്ധീകരണം

**നവംബർ 18** **(യോഹ 2: 13-22)**

ആരാധനക്രമ വത്സരത്തിലെ അവസാന കാലമായ പള്ളിക്കുദാശ ക്കാലത്തിലെ മൂന്നാം ഞായറാഴ്ചയിലാണ് നാം എത്തിനിൽക്കുന്നത്. പള്ളിക്കുദാശ എന്നാൽ സഭാ സമർപ്പണം എന്നാണ് അർത്ഥം. യുഗാന്ത്യത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ഓർശ്ലേമാകുന്ന മണിവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ടമാണിത്.

ഇന്നേ ദിനം നാം വിചിന്തനത്തിന് വിഷയമാക്കുന്നത് വി.യോഹന്നാൻ ശ്ലീഹ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ദേവാലയ ശുചീകരണമാണ്. സമാന്തര സുവിശേഷകന്മാർ ഈ സംഭവം സുവിശേഷത്തിന്റെ അവസാന ഭാഗങ്ങളിൽ രേഖപ്പെടുത്തുമ്പോൾ യോഹന്നാൻ ഇവ രേഖപ്പെടുത്തുന്നത് യേശുവിന്റെ ആദ്യകാല പ്രവർത്തനമായാണ്. യഹൂദരുടെ പ്രധാന തിരുനാളുകളിൽ ഒന്നായ പെസഹ തിരുനാളുതന്നെ തെരഞ്ഞെടുക്കുകയും പുതിയ പെസഹായുടെ സൂചനകൾ നൽകുകയും ചെയ്യുന്നു. അങ്ങനെ യേശുവിന്റെ മരണത്തോടു കൂടി പഴയ പെസഹ അവസാനിക്കും. പുതിയ പെസഹ ആരംഭിക്കും. പഴയ ദേവാലയത്തിന്റെ സ്ഥാനത്ത് പുതിയ ദേവാലയം ഉണ്ടാകും. (വെളി 21:27)

ജറുശലേം ദേവാലയത്തിന് രണ്ട് ഭാഗങ്ങളാണുണ്ടായിരുന്നത്. യഹൂദർക്കുവേണ്ടി ദേവാലയവും വിജാതിയർക്ക് വേണ്ടി സ്ഥലവും. ഇതിനെ "വിജാതിയരുടെ അങ്കണം" എന്നാണ് വിളിച്ചിരുന്നത്. ഇവിടെ വച്ചാണ് കച്ചവടം നടത്തിവരുന്നത്. മനുഷ്യൻ ജാതിയുടെയും വർഗ്ഗത്തിന്റെയും പേരിൽ പിതാവിന്റെ ആലയത്തിൽ അതിർവരമ്പുകൾ തീർത്തപ്പോൾ യേശു അവയെ തകർക്കുകയാണ്. മനുഷ്യർക്കിടയിലും മനുഷ്യർക്കും ദൈവത്തിനും ഇടയിലും ഇനി ഒരിക്കലും വേർതിരിവിന്റെ അതിർവരമ്പുകൾ പാടില്ല. ഇത് കൂടുതൽ വ്യക്തമാകുന്നത് യേശുവിന്റെ കുരിശുമരണസമയത്ത് ദേവാലയത്തിലെ തിരശ്ശീല നടുവെ കീറിപ്പോയപ്പോ

ഴാണ്. ഇനി, ദൈവവും മനുഷ്യനും ഒന്നിച്ച് ഒരേ ആലയത്തിൽ ഒന്നു ചേരുമ്പോൾ അവിടെയും ദേവാലയങ്ങൾ ഉണ്ടാകുന്നു.

"എന്റെ പിതാവിന്റെ ഭവനം നിങ്ങൾ കച്ചവട സ്ഥലമാക്കരുത്" (17) എന്താണ് കച്ചവടസ്ഥലത്തിന്റെ പ്രത്യേകത? ഇവിടെ ഒരൊറ്റ ചിന്തമാത്രം-ലാഭം. മനുഷ്യൻ എങ്ങനെയും ലാഭം ഉണ്ടാക്കുന്ന സ്ഥലമാണ് ചന്ത. കാശുരൂപം വിറ്റാലും കാൽ കാശ് കിട്ടണം എന്നതാണ് ഇവിടുത്തെ ചിന്ത. ഇവിടെ തോൽവിയില്ല, പരാജയമില്ല, നഷ്ടമില്ല. ഇനി, എന്താണ് ദേവാലയത്തിന്റെ പ്രത്യേകത. ജീവിതത്തിൽ എല്ലാ വിധത്തിലും തോറ്റുപോയ ഒരുവന്റെ വാസസ്ഥലമാണിത്. ലാഭം കൊയ്യുന്ന ഒരു കച്ചവടത്തിലും അവൻ ഏർപ്പെട്ടിട്ടില്ല. മാനുഷികമായ രീതിയിൽ ഒരിക്കൽപ്പോലും അവൻ വിജയിച്ചിട്ടില്ല. നിങ്ങൾ ജീവിതത്തിൽ തോൽവിയുടെ ഭാരം ചുമക്കുന്നവനാണെങ്കിൽ ജീവിതത്തിൽ പരാജയങ്ങൾ നിങ്ങളെ വേട്ടയാടാറുണ്ടെങ്കിൽ പിതാവിന്റെ ആലയത്തിലേയ്ക്ക് ഓടിവരുക. ദിവ്യകാരുണ്യ നാഥനോട് പറയുക. അവനെല്ലാം മനസ്സിലാകും. കാരണം തോൽവിയും പരാജയവും വേദനയും നഷ്ടങ്ങളും അവന് അപരിചിതമല്ല. ജീവിതത്തിൽ തോറ്റുപോകുന്നവരുടെ സങ്കേതം ദേവാലയം.

ഫാ. സൈജൂ പുത്തൻപറമ്പിൽ